# ലക്ഷ്മീഭായി

(മുപ്പത്തൊന്നാം പുസ്തകം)

(൧൧൧൦ മേടം മുതൽ ൧൧൧൧ മീനം വരെ)

ഉടമസ്ഥ

വെള്ളാശ്ശൂൽ നാനിക്കുട്ടിയമ്മ.

തൃശ്ശിവപേരൂർ

'കേരളോദയം' അച്ചുക്കൂടത്തിൽ

അച്ചടിച്ചത്.

൧൧൧൧.

ALL RIGHTS RESERVED.

വരിസംഖ്യ 2 ക. എപ്പോഴും മുൻകൂർ.

| | |
|---|---|
| പതിവ്രതാമാഹാത്മ്യം | ൨൧൩ |
| ഒരു വരണ്ട വഴിക്കുളം | ൨൩൮ |
| തിരുനാൾമംഗളം | ൨൫൩ |
| പാഠകം | ൨൫൪, ൩൫൪ |
| സ്ത്രീകളും സഹകരണവും | ൨൬൯ |
| കാക്കപ്പൊന്നും സ്വർണ്ണവും | ൨൭൩, ൩൧൭ |
| മതപരമായ ആദർശത്തെ ഉദ്ദീപിപ്പിക്കുക | ൨൮൫ |
| പ്രാചീനാര്യാവർത്തത്തിലെ തികഞ്ഞ ഉൽപതിഷ്ണു | ൨൯൩ |
| സുഗ്രീവാദികൾ വാനരന്മാരാണോ? | ൨൯൮ |
| ഒരു നിവാപമാല്യം | ൩൦൭ |
| ശ്രീമാടമഹീശതിരുനാൾമംഗളം | ൩൩൩ |
| തുഷ്ടി | ൩൩൪ |
| ചില ഭാഷാന്തരങ്ങൾ | ൩൪൦ |
| ഗീതയെപ്പററി ചില ചിന്തനങ്ങൾ | ൩൪൨ |
| ജപ്പാൻസാമ്രാജ്യത്തിൻെറ അഭിവൃദ്ധി | ൩൬൭ |
| പ്രേമവിജയം | ൩൭൩ |
| യോഗിയുടെ പ്രീതി | ൩൯൦ |
| സ്ത്രീലോകത്തിൻെറ ആധുനികസ്ഥിതി | ൪൧൧ |
| ക്ഷേത്രങ്ങളും അവയുടെ താൽപര്യങ്ങളും | ൪൨൦ |
| പാലിററ്സൌധം | ൪൨൯, ൪൬൫ |
| ഇതിഹാസപുരാണങ്ങളുടെ നില | ൪൫൧ |
| ഭർത്തൃഭക്തയായ രാജ്ഞി | ൪൭൯ |
| ക്ലേശിക്കേണ്ട | ൪൮൬ |

UNIVERSITY LIBRARY
22 JUN 1985
MADRAS

UNIVERSITY LIBRARY
22 JUN 1985
MADRAS



ജോൎജ്ജ ചക്രവൎത്തി തിരുമനസ്സുകൊണ്ട്



മേരി ചക്രവൎത്തിനി തിരുമനസ്സുകൊണ്ട്

UNIVERSITY LIBRARY
22 JUN 1935
MADRAS

# ലക്ഷ്മീഭായി

പുസ്തകം ൩൧ | ൧൧൧൦ മേടം | ലക്കം ൧

## മംഗളം

ലക്ഷ്മീശൻ സൎവ്വവൎണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷയ്ക്കായ്യന്നെ ദീക്ഷിച്ചമരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവൎണ്ണാവലിപരിവിലസൽപത്രവൃന്ദം പെട്ടന്നീ-
'ലക്ഷ്മീഭായി'ക്കു വേണ്ടും നിഖിലഗുണകലാപൂൎത്തിയെച്ചേൎത്തിടട്ടെ.

കവിസാൎവ്വഭൌമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

## പ്രസ്താവന

ഗുരുവരാനുഗ്രഹങ്ങളാലും പത്രബന്ധുക്കളുടെ സഹായസഹകരണങ്ങളാലും സൎഗ്ഗാപവൎഗ്ഗസുഖദായിനിയായ ദേവിയുടെ കരുണാകടാക്ഷത്താലും 'ലക്ഷ്മീഭായി' മാസികയ്ക്കു മുപ്പത്തൊന്നാം വയസ്സിൽ പ്രവേശിക്കാൻ യോഗമുണ്ടായതിൽ ഞങ്ങളുടെ സുഹൃത്തുക്കൾക്കും അസാമാന്യമായ സന്തോഷമുണ്ടായിരിക്കുന്നതാണല്ലോ. നാടെല്ലാം പഞ്ഞംകൊണ്ടു വലഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ,

"ഉള്ളം ചുടുന്നപടി സമ്പ്രതി രാജശബ്ദ-
മുള്ളോരിനന്റെ കരബാധകൾ കാരണത്താൽ
കള്ളം കഥിച്ചിടുകയല്ലൊരുപായമില്ല
വെള്ളം കുടിപ്പതിനുമൂഴിയിലേവമായി"

എന്ന നിലയുംകൂടി വന്നുചേൎന്നാൽ പിന്നത്തെ കഥ പറയേണമോ? "പുതുമഴ ചൊരിയുമ്പോൾ പാററ പൊങ്ങുന്നപോലെ" പത്രങ്ങളും മാസികഗ്രന്ഥങ്ങളും പുറപ്പെട്ടു് അന്യോന്യം കലഹിച്ചും ആഭാസവചനങ്ങൾ വൎഷിച്ചും പാമരന്മാരെ രസിപ്പിച്ചും പണ്ഡിതന്മാരെ മുഷിപ്പിച്ചും ലോകത്തെ ദുഷിപ്പിച്ചും ഭരണകൎത്താക്കളെ വഴി പിഴപ്പിച്ചും അവരിൽ ചിലരുടെ കക്ഷങ്ങളിൽ അല്ലെങ്കിൽ പക്ഷങ്ങളിൽ ഒളിച്ചും മററും കഴിച്ചുകൂട്ടുന്ന പത്രാധിപപ്പിശാചുക്കളെ കാലപാണിയിലേക്കോ കാലനുക്കുതന്നെയോ ഉദ്വസിച്ചു മലയാളം നിൎബ്ബാധമാക്കിത്തീൎക്കേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു.

ഇപ്പോഴത്തെ ഭാഷാപരിഷ്കാരം അമരക്കാരനില്ലാത്ത വഞ്ചിപോലെ തലതിരിഞ്ഞു തഞ്ചം പിഴച്ചു മറിഞ്ഞമട്ടിലായിത്തീൎന്നിരിക്കുന്നതിനാൽ നല്ലൊരു നാവികന്റെ ആവിൎഭാവം അപരിത്യാജ്യമായിട്ടുള്ളതുകൊണ്ടു, തിരുവിതാംകൂർ ശ്രീമൂലം പൊന്നുതമ്പുരാൻ തിരുമനസ്സിലെ കായലിലിട്ടു വെള്ളം കുടിപ്പിച്ച മഹാകവിയേയോ അനപത്യത്വവും നിരപത്യത്വവും തിരിച്ചറിയാൻ കഴിയാത്ത ആ കവിചക്രവൎത്തിയേയോ കണ്ടെഴുത്തിൽ പണ്ടാരവക ധൎമ്മസ്വത്തു കരസ്ഥമാക്കിയ ആ മന്നനേയോ അല്ല ആഴമേറിയ ആഴിയിൽ ഓളം കുറയുന്നതുപോലെ പ്രശാന്തഗംഭീരന്മാരായിരിക്കുന്ന പണ്ഡിതവരേണ്യന്മാരെയാണു് അതിന്നു ഭാഷാഭിമാനികൾ നിയമിക്കേണ്ടതു്.

മലയാളത്തിലെ കലാവിദ്യകളിൽ മിക്കവയും പ്രത്യേകം ചിലരുടെ കുലവിദ്യകളായിട്ടുള്ളതിനാൽ അവയെ പരിഷ്കരിക്കാൻ സംഘങ്ങളുടെ സഹായം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അവരുടെ ദാരിദ്ര്യത്തിന്നു ദരിദ്രത വരുത്തുവാൻ രാജാക്കന്മാരോ പ്രഭുക്കന്മാരോ ധനികന്മാരോ അവരെ യഥോചിതം സഹായിച്ചാൽ മതിയാവുന്നതാണ്. പത്രപ്രവൎത്തനം പൂരപ്പറമ്പിലെ വെടിക്കെട്ടുപോലെ പരിണമിക്കാതിരിക്കുന്നതിന്നു ഞങ്ങൾ സശ്രദ്ധം യത്നിക്കാറുണ്ട്. തന്മൂലം നാനാവിധകഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടതായും വന്നിട്ടുണ്ട്. എന്നാൽ മലയാളപാഠ്യപുസ്തകസംഘങ്ങളിൽ ചിലർ ഒററക്കണ്ണന്മാരായും മററുചിലർ മനസ്സാക്ഷിയില്ലാത്തവരായും കാണപ്പെടുന്നതിൽ ഞങ്ങൾക്കുള്ള മനസ്താപം അനല്പമായിട്ടുള്ളതാകുന്നു.

ഇങ്ങിനെ പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ സഹിച്ചിട്ടും പത്രപ്രവൎത്തനത്തിൽനിന്നു പിൻതിരിയാതിരിക്കുന്നതു കൊച്ചിതിരുവിതാംകൂർവിദ്യാഭ്യാസമേലദ്ധ്യക്ഷന്മാരുടേയും ഞങ്ങളുടെ മാന്യവരിക്കാരുടേയും മാന്യലേഖകന്മാരുടേയും ആനുകൂല്യം ഒന്നുകൊണ്ടുമാത്രമാണെന്നും മേലിലും അത് അഭംഗുരമായിട്ടുണ്ടാകുമെന്നും വിശ്വസിച്ചു സൎവ്വവും ചിൽസ്വരൂപത്തിൽ സമൎപ്പിച്ചുകൊള്ളുന്നു.

## രജതജൂബിലിമംഗളം

പുതുവത്സരാരംഭത്തിൽ എന്തെങ്കിലും ശുഭസൂചകമായ ഒരു സംഗതിയുണ്ടാകുന്നതു മംഗളകരമായിട്ടാണല്ലോ ഗണിക്കപ്പെട്ടുപോരുന്നത്. ചക്രവൎത്തി ജോൎജ്ജു

പഞ്ചമൻ തിരുമനസ്സിലെ രജതജൂബിലിയും 'ലക്ഷ്മീഭായി' മാസികയുടെ മുപ്പത്തൊന്നാംവത്സരാരംഭവും ഈ മേടത്തിലാകയാൽ ഈ യോഗം പത്രഗ്രന്ഥങ്ങളിൽ മിക്കവെല്ലും സിദ്ധിച്ചിട്ടുണ്ടാകുമെന്നു തോന്നുന്നില്ല. ഭക്തിതന്നെയാണ് മെച്ചമായിട്ടുള്ളതെന്ന് ഇതുകൊണ്ടു തെളിയുന്നുണ്ടല്ലോ. വിക്ടോറിയാ ചക്രവൎത്തിനി തിരുമനസ്സിലെ പൌത്രനും എഡ്വേർഡ് ചക്രവൎത്തി തിരുമനസ്സിലെ ദ്വിതീയപുത്രനുമായ ജോൎജ്ജ പഞ്ചമൻ തിരുമനസ്സുകൊണ്ടു തിരുവവതാരം ചെയ്തത് ൧൮൬൫ ജൂൺ ൩-ാംനു-യാണല്ലോ. അവിടുത്തെ സനിഷ്കൎഷം വിദ്യാഭ്യാസം ചെയ്യിക്കുകയാൽ രാജോചിതഗുണങ്ങൾ ബാല്യത്തിൽതന്നെ ആ രാജകുമാരനിൽ പ്രശോഭിച്ചുകൊണ്ടിരുന്നു. ൧൮൯൩-ൽ ടെക്കിലെ പ്രഭുവിൻേറയും കേംബ്രിഡ്ജിലെ പ്രഭ്വിയുടേയും ഏകപുത്രിയായ മേറി രാജകുമാരിയെ രാജകുമാരൻ വിവാഹം ചെയ്തു. ഈ രാജദമ്പതിമാർ ശുക്ലപക്ഷത്തിലെ ചന്ദ്രനെപ്പോലെ പ്രതിദിനം പുഷ്ടിപ്രാപിച്ചുപോരികയും പ്രജകളെ മോദാൎണ്ണവത്തിൽ കുളിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു.

൧൯൧൦ മേയിമാസം ൬-ാംനു പുണ്യപുരുഷനും ലോകരുടെയെല്ലാം ആരാധനാമൂൎത്തിയുമായ ജോൎജ്ജ പഞ്ചമൻ തിരുമനസ്സുകൊണ്ടു ചക്രവൎത്തിപദം പ്രാപിക്കുകയാൽ ൧൯൩൫ മേയി ൬-ാംനു-യാണല്ലോ അവിടുത്തെ രജതജൂബിലിമഹോത്സവം. സൂൎയ്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിൻെറ അധിപതിയാണ് തിരുമനസ്സുകൊണ്ടെന്നു പറയേണ്ടതില്ലല്ലോ. ഈ രജതജൂബിലിമഹോത്സവം കൊണ്ടാടാത്ത കോയ്മകളോ ജനങ്ങളോ ആരുംതന്നെയില്ലെന്നു വരുമ്പോൾ അവിടുത്തെ പ്രജാവാത്സല്യവും ജനരഞ്ജനയും കാരുണ്യാതിശയവും ഉൗ

ഘ്യമാണല്ലോ. എന്താപത്തു നേരിട്ടാലും അതെല്ലാം പഞ്ഞിപോലെ പറന്നുപോകത്തക്ക ഭാഗ്യവിശേഷം അവിടയ്ക്കും അവിടത്തെ പ്രാണപ്രേയസിയായ മേറി ചക്രവത്തിനി തിരുമനസ്സിലേയ്ക്കുമുണ്ടെന്ന് അനേകം സംഗതികൾ പ്രത്യക്ഷപ്പെടുത്തീട്ടുള്ളതാകുന്നു. ഈ രാജദമ്പതിമാർ ആയുരാരോഗ്യാദി സകലഗുണങ്ങളോടുംകൂടി ചിരകാലം രാജ്യപരിപാലനം ചെയ്തു ജഗത്തിന്റെ വന്ദ്യപിതാക്കളായി പരിലസിക്കുന്നതിന്നു 'ലക്ഷ്മീഭായി' ഉള്ളിൽക്കൊള്ളുന്ന ഭക്തിപൂർവ്വം ശ്രീപാർവ്വതീപരമേശ്വരന്മാരെ പ്രാർത്ഥിച്ചുകൊള്ളുന്നു.

"അപ്പാകാരാതി നാകം നലമൊടു പരിപാ-
　　ലിച്ചുകൊണ്ടിണ്ടലെന്യേ
നല്പാർന്നീടുന്ന ശച്യാസമമമരപുര-
　　ത്തിങ്കൽ വാഴുംപ്രകാരം
ഇപ്പാരൊട്ടുക്ക രക്ഷിച്ചുഡുപതിമുഖിയാം
　　രാജ്ഞിയോടൊത്തിരിപ്പാൻ
കല്പാന്തത്തോളമായുസ്സരുളണമചിരാൽ
　　ചക്രവർത്തിക്കു ദൈവം."

## ഒരു പ്രസംഗം *

"ചകാസ്തി ചൂർണ്ണീസരിതസ്തടേ ശുഭേ
നികേതനം യസ്യ ജയന്തമംഗലം
സനാതനശ്ചേതസിനഃ പ്രകാശതാം
സനാരസിംഹം വപുരാസ്ഥിതോ ഹരിഃ"

മാന്യസദസ്യർക്കു നമസ്കാരം

ചരിത്രപ്രസിദ്ധമായ ഈ പ്രദേശത്തു കൂടുന്ന ഈ സമ്മേളനത്തിൽ ഭാഗഭാക്കാവാൻ സംഗതി വന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ദേശത്തെ

* ചേന്നമംഗലത്തുകൂടിയ കൊച്ചി നായർവനിതാസമ്മേളനത്തിൽ ചെയ്ത പ്രസംഗം.

ഭരിക്കുന്ന സ്വരൂപത്തിൽ ജനിച്ചു വളൎന്നു ശൌൎയ്യവീൎയ്യപരാക്രമനിധികളായ അനേകം പുരുഷന്മാർ കൊച്ചിരാജ്യചരിത്രത്തിൽ ഒരു പ്രധാനഭാഗം വഹിച്ചതായി ചരിത്രം രേഖപ്പെടുത്തീട്ടുണ്ട്. ശത്രുക്കൾക്കധീനപ്പെട്ടു നാമാവശേഷമായിപ്പോകുമായിരുന്ന നമ്മുടെ രാജ്യത്തെ അവരിൽനിന്നും രക്ഷിച്ച് ആധുനികനിലയിൽ എത്തിക്കുന്നതിന്നു ഹേതുഭൂതനായ കോമിയച്ചന്റെ പേർ കൊച്ചിരാജ്യനിവാസികൾ ഇന്നും കൃതജ്ഞതയോടെ സ്മരിച്ചുവരുന്നു. ഇതിന്നുംപുറമെ അനേകായിരം നായർകുടുംബങ്ങളുടെ ഏകാവലംബം അന്നും ഇന്നും ഈ സ്വരൂപമാണെന്നുള്ളതും സൎവ്വവിദിതമത്രെ. ഇപ്രകാരം ചരിത്രകാലം മുതൽക്കുതന്നെ പ്രസിദ്ധി നേടീട്ടുള്ള ഈ സ്വരൂപത്താൽ ഭരിക്കപ്പെട്ടുവരുന്ന ഈ പ്രദേശത്ത് ഇങ്ങിനെയുള്ള സമ്മേളനങ്ങൾ കൂടുന്നതിന്റെ ഔചിത്യം സ്പഷ്ടമാണല്ലോ. ഈ യോഗത്തിന്റെ അദ്ധ്യക്ഷസ്ഥാനം വഹിക്കുവാൻ ഇടയാക്കിയ ഭാരവാഹികളോട് എനിക്കുള്ള കൃതജ്ഞതാസൂചകമായ വന്ദനത്തെ ഒന്നാമതായി പറഞ്ഞുകൊള്ളട്ടെ.

നായർസമുദായത്തിന്റെ അഭ്യുന്നതിക്കായി നിരന്തരം യത്നിപ്പാൻ നമ്മുടെ നായർസഹോദരന്മാർ സന്നദ്ധരായിരിക്കുമ്പോൾ അബലകളായ നാം ഗൃഹഭിത്തിക്കുള്ളിലിരുന്നു മാതാക്കൾ എന്നും ഗൃഹിണികൾ എന്നുമുള്ള നിലയിൽ നമുക്കുള്ള കൃത്യങ്ങളെ യഥാവിധി അനുഷ്ഠിച്ചു തൃപ്തിപ്പെടുകയല്ലെ ഉചിതമായിട്ടുള്ളത് എന്നു നമ്മുടെ സഹോദരിമാരിൽ ചിലർതന്നെ ചോദിക്കുന്നുണ്ട്. ഇതിന്നുത്തരമായി എനിക്കു പറയുവാനുള്ളതു സ്ത്രീപുരുഷന്മാരുടെ ഏകോപിച്ചുള്ള ശ്രമംകൊണ്ടല്ലാതെ ഒരു സമുദായവും ഉൽക്കൎഷത്തെ പ്രാപിച്ചിട്ടില്ലെന്നതാണ്. പുരുഷന്മാർ യോഗങ്ങൾകൂടി എന്തെല്ലാം പ്ര

മേയങ്ങൾ പാസ്സാക്കിയാലും അവയെ പ്രയോഗത്തിൽ കൊണ്ടുവരേണമെങ്കിൽ സ്ത്രീകളുടെ സഹായസഹകരണങ്ങൾ അപരിത്യാജ്യമാകുന്നു. ഒരു സമുദായത്തിന്റെ പുരോഗതിക്ക് എപ്പോഴും പ്രതിബന്ധമായി നില്ക്കുന്നതു സ്ത്രീജനങ്ങളുടെ ഘടനാഭാവവും അജ്ഞതയുമാണെന്നുള്ളതു തൎക്കമററ സംഗതിയാകുന്നു. സ്ത്രീകളുടെ അവകാശങ്ങളും അവശതകളും അറിവാനും ആ അവശതകളെ പരിഹരിപ്പാനും അവകാശങ്ങളെ സ്ഥാപിച്ചുകിട്ടുവാനുമുള്ള മാൎഗ്ഗങ്ങളെക്കുറിച്ചു ചിന്തിക്കാനുമുള്ള സൌകൎയ്യങ്ങൾ വിദ്യാഭ്യാസം സിദ്ധിച്ച സ്ത്രീകൾക്കു മാത്രമാണുള്ളത്. സമുദായാംഗത്തിലും രാഷ്ട്രീയരംഗത്തിലും സാഹിത്യരംഗത്തിലും അവർ ഇറങ്ങി വിജയശ്രീലാളിതകളായിട്ടുണ്ടെന്നുള്ളതു പണ്ഡിത രമാഭായി, കസ്തൂരിഭായിഗാന്ധി, സരോജിനിനായിഡു, തരുലതദത്ത എന്നീ മാന്യമഹതികളുടെ ദൃഷ്ടാന്തങ്ങൾ നമ്മെ മനസ്സിലാക്കിത്തരുന്നുണ്ട്. തക്കതായ സന്ദൎഭങ്ങളുണ്ടായാൽ ഇവരെപ്പോലെയുള്ള അസംഖ്യം മഹിളാമണികളെ സൃഷ്ടിക്കാൻ നമ്മുടെ സമുദായത്തിനും സാധിക്കുമെന്നുള്ളത് അസംഭാവ്യമല്ല. ശരിയായ വിദ്യാഭ്യാസവും സംഘടനയുമുണ്ടെങ്കിൽ അതിലേക്കുള്ള സന്ദൎഭമുണ്ടാകുന്നതുമാകുന്നു. നാം ലോകരംഗത്തിൽ ഇറങ്ങാതെ, ലോകഗതി മനസ്സിലാക്കാതെ, നമ്മുടെ ആധുനികസ്ഥിതി എന്താണെന്നുള്ള വസ്തുത ഗ്രഹിക്കാതെ അബലകളാണെന്നു ഭാവിച്ചു നിസ്സാരകൃത്യങ്ങളിൽമാത്രം ഏൎപ്പെട്ടു കാലയാപനം ചെയ്യുന്നതായാൽ സമുദായസ്ഥിതി ശോചനീയമായി ഭവിക്കുന്നതും അന്യസമുദായക്കാരുടെ പുച്ഛത്തിനും പരിഹാസത്തിനും നാം പാത്രമായിത്തീരുന്നതുമാണ്. "ജാതിംഘടനകൊണ്ടുതന്നെ വന്നുകൂടിയ സംകു

ചിതമായ ലോകാവലോകനശീലത്തോടുകൂടിയാണ് നിയമങ്ങൾ നിർമ്മിക്കപ്പെട്ടതും ആചാരങ്ങൾ സ്വീകരിച്ചതും. ഇതിൽ പുരുഷന്മാർതന്നെ സ്ത്രീകളേയും പ്രതിനിധീകരിച്ചിരുന്നു. ഇവയോടുകൂടി സ്വാതന്ത്ര്യതയും ചേർന്നുവെന്നു വിചാരിക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു സ്ത്രീകളെ സംബന്ധിച്ചുള്ള അന്നത്തെ നിയമങ്ങളൊക്കെയും സമുദായമദ്ധ്യേ അവരുടെ പ്രാധാന്യത്തെ കുറയ്ക്കുന്നവതന്നെയായിരുന്നു" എന്നു സുപ്രസിദ്ധചിന്തകനായ ആർ. ഈശ്വരപിള്ള അവർകൾ ഒരവസരത്തിൽ പറഞ്ഞിട്ടുള്ളതു ശ്രദ്ധേയമാണ്. ഈ സ്ഥിതിക്ക് ഒരു വ്യത്യാസം വരണമെങ്കിൽ സാമുദായികങ്ങളും രാഷ്ട്രീയങ്ങളുമായ കാര്യങ്ങളിൽ നാം കുറേക്കൂടി ശ്രദ്ധ പതിപ്പിക്കേണ്ടതാകുന്നു. നിയമസഭകളിൽ സ്ത്രീകളായ നമ്മോട് ആലോചിക്കാതെ എന്തെല്ലാം പ്രമേയങ്ങൾ പാസ്സാക്കുകയും എന്തെല്ലാം ബില്ലുകൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. നമ്മെ സംബന്ധിക്കുന്ന കാര്യങ്ങൾ തീർച്ചയാക്കുവാനുള്ള അധികാരം അന്യർക്ക് വിട്ടുകൊടുക്കുന്നത് ഒരിക്കലും ശ്രേയസ്കരമായിരിക്കാൻ തരമില്ല. നമ്മുടെ സമുദായത്തെ പ്രതിനിധീകരിക്കുന്ന ഒരു സ്ത്രീപോലും ഇപ്പോഴത്തെ നമ്മുടെ നിയമസഭകളിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇങ്ങിനെ വരുന്നതിനുള്ള പ്രധാനകാരണം നമുക്ക് ഒരു ശക്തിയുള്ള സംഘടനയില്ലായ്മയാണ്. ആധുനികവിദ്യാഭ്യാസം, സഹവിദ്യാഭ്യാസം, മിശ്രഭോജനം, മിശ്രവിവാഹം, സന്താനനിയന്ത്രണം, കേരളസർവ്വകലാശാലാസ്ഥാപനം എന്നിങ്ങിനെയുള്ള വിവിധവിഷയങ്ങളെപ്പറ്റി എന്തെല്ലാം വാദങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ടെന്നുള്ളതു വൃത്താന്തപത്രങ്ങളിൽനിന്നും മറ്റും

നാം അറിയുന്നുണ്ട്. ഈ വിഷയങ്ങളെപ്പററി നമ്മളിൽ അധികംപേരും യാതൊന്നും ചിന്തിച്ചിട്ടില്ലെന്നു തീൎത്തുപറയാവുന്നതാണ്. ഇവയെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ എത്ര വൻപിച്ച യോഗങ്ങളിൽ പാസ്സാക്കിയാലും അവ സമുദായക്ഷേമത്തിനു സാധകമോ ബാധകമോ എന്നു നാംതന്നെ സ്വതന്ത്രമായി ചിന്തിക്കയും അംഗീകരണയോഗ്യമാണെന്നു കണ്ടാൽമാത്രം അവയെ അംഗീകരിക്കയും അല്ലാത്തപക്ഷം അതുകളെ നടപ്പിൽ കൊണ്ടുവരുന്നതിനെ നമ്മുടെ സകല ശക്തിയും ഉപയോഗിച്ചു തടയുകയും ചെയ്യേണ്ടതാകുന്നു. അതല്ലാത്തപക്ഷം സമുദായക്ഷേമത്തെ ഹനിക്കുന്നതും സമുദായത്തിൽ പല കുഴപ്പങ്ങൾക്കും ഇടയാക്കുന്നതുമായ നിയമങ്ങൾ നടപ്പിൽ വരുവാൻ സംഗതിയാകുന്നതാണ്. ഇത്രത്തോളം പറഞ്ഞതിൽനിന്നും നമുക്ക് ഒരു സംഘടനയുണ്ടാകുന്നതുകൊണ്ടുള്ള പ്രയോജനം ഏറെക്കുറെ സ്പഷ്ടമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഇനി നമുക്കുള്ള ചുമതലകളെപ്പററി അല്പമൊന്നു ചിന്തിക്കാം. ഏതു സമുദായത്തിൻേറയും അഭ്യുന്നതി അതിൻെറ സാമ്പത്തികസ്ഥിതിയേയും അതിലെ വിദ്യാഭ്യാസസമ്പന്നരായ അംഗങ്ങളുടെ സംഖ്യയേയും ആശ്രയിച്ചിരിക്കുന്നതാണ്. നമ്മുടെ ഇടയിൽ വിദ്യാവിഹീനയായ ഒരു സ്ത്രീപോലും ഉണ്ടെന്നുവരുന്നതു നമുക്ക് ഒട്ടും അഭിമാനകരമായിട്ടുള്ളതല്ല.

“ലോകത്തിലേ ജനപദങ്ങളിലേതിലെല്ലാം
സ്ത്രീകൾക്കു വിദ്യയിൽ വിദഗ്ദ്ധത നേടിടുന്നു
വൈകല്യമററവിടെയഭ്യുദയം ജനാനാം
നൈകപ്രകാരമുളവാമതിനില്ല വാദം”

എന്നാണ് സ്ത്രീവിദ്യാഭ്യാസത്തിന്റെ ഫലശ്രുതി. ഈ ചേന്ദമംഗലത്തെ സംബന്ധിച്ചിടത്തോളം സ്ത്രീവിദ്യാഭ്യാസം സൎവ്വസമ്മതമാകുന്നത് അത്ര പ്രയാസമുള്ള കാൎയ്യമാണെന്നു തോന്നുന്നില്ല. വലിയച്ഛൻ അവർകളുടെ ഔദാൎയ്യത്താൽ ഇവിടെത്തന്നെ ഒരു വിദ്യാലയം പ്രശസ്തരീതിയിൽ നടന്നുവരുന്നതുകൊണ്ടു ചുരുങ്ങിയ ചിലവിന്മേൽ ആൎക്കും വിദ്യാഭ്യാസം ലഭിപ്പാനുള്ള സൌകൎയ്യമുണ്ട്. അതിന്നു മാൎഗ്ഗമില്ലാത്തവരുണ്ടെങ്കിൽ അവൎക്കായി ഒരു ബാലികാപാഠശാല സ്ഥാപിക്കാൻ വിദ്യാഭ്യാസം ലഭിച്ച സ്ത്രീകളെല്ലാം ഒത്തൊരുമിച്ചു പ്രയത്നിച്ചാൽ സാധിക്കുന്നതാണ്. എന്നാൽ അക്ഷരവിദ്യാഭ്യാസം മാത്രമല്ല സ്ത്രീകൾക്ക് ആവശ്യമായിട്ടുള്ളത്. സുകുമാരകലകളിൽ അവൎക്കുള്ള വാസന ജന്മസിദ്ധമായിട്ടുള്ളതാകുന്നു. ഈ കലകളിലും നൈപുണ്യം സമ്പാദിക്കുന്നതിന്നു വേണ്ട സൌകൎയ്യങ്ങൾ പരക്കെ ഉണ്ടായിരുന്നെങ്കിൽ എത്ര കവയിത്രികളും, സംഗീതവിദുഷികളും, 'ചിത്രലേഖ'കളും നമ്മുടെ ഇടയിൽ ഉണ്ടാകുമായിരുന്നു! വിശിഷ്ടകലകളിൽ വാസനയുള്ളവരെ പ്രോത്സാഹിപ്പിക്കുവാൻ ബഹുമാനപ്പെട്ട കൊച്ചിഗവൎമ്മേണ്ട് ഒരുക്കമാണെന്നു കാണുന്നത് എത്രയോ സന്തോഷാവഹമായ കാൎയ്യമാണ്. ഇവിടെ ഒരു വിശിഷ്ടകലാലയം സ്ഥാപിക്കുന്നപക്ഷം അതിന്നു വേണ്ടുന്ന സഹായങ്ങൾ സൎക്കാരിൽനിന്നും ലഭിക്കുമെന്നു നമുക്കു പൂൎണ്ണമായി വിശ്വസിക്കാം. ഈ അവസരം പാഴാക്കരുതെന്നു സ്ത്രീസമാജാംഗങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട വിഷയങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് വൈദ്യം. വൈദ്യവി

ദ്യാവിദഗ്ദ്ധകളായ സ്ത്രീകൾ നമ്മുടെ ഇടയിൽ ധാരാളമുണ്ടാകുന്നതെന്നോ അന്നു നമുക്കു സുവർണ്ണകാലമാണെന്നു വേണം പറവാൻ. ചികിത്സ, ആതുരശുശ്രൂഷ, ബാലപരിചരണം, ശുചീകരണം, ബാലമൃത്യുനിവാരണം, സൂതികർമ്മം മുതലായി സുഖജീവിതത്തിന് അതിപ്രധാനങ്ങളും ആവശ്യങ്ങളുമായ സാമുദായികസേവനത്തിൽ പുരുഷന്മാരല്ല, സ്ത്രീകളാണ് സശ്രദ്ധം പ്രവർത്തിച്ചുവരുന്നത്. "പുരുഷന്മാരെ സംബന്ധിച്ചു സ്വാതന്ത്ര്യം കൂടിയും, ദീനദയാലുത്വം കുറഞ്ഞും, ധനേച്ഛ വർദ്ധിച്ചുമിരിക്കുന്ന ഇക്കാലത്ത് ഇതുപോലെ ത്യാഗശീലകളായി പ്രവർത്തിക്കുന്ന സ്ത്രീകൾ ഇല്ലാതിരുന്നു എങ്കിൽ മനുഷ്യസമുദായത്തിന്റെ കഷ്ടത എന്തുമാത്രമായിരിക്കുമെന്നു പറവാൻ പ്രയാസമാണ്" എന്ന് ഒരു മാന്യസഹോദരൻ ഒരവസരത്തിൽ പറഞ്ഞിട്ടുള്ളതു, നമുക്ക് എത്രയൊ അഭിമാനകരമായിട്ടുള്ളതത്രെ. എന്നാൽ ഇങ്ങിനെയുള്ള സ്ത്രീകളുടെ സംഖ്യ വർദ്ധിച്ചുകാണുമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു സൌകര്യമില്ലാത്തവർ ആയുർവേദത്തിന്റെ വൈദഗ്ദ്ധ്യം നേടുവാൻ ശ്രമിച്ചാൽ അത് ഒരു ഗണ്യമായ പുണ്യമായിരിക്കും. ഇതും എല്ലാവർക്കും സാദ്ധ്യമല്ലെങ്കിൽ ആരോഗ്യപരിപാലനവിധികളെയെങ്കിലും എല്ലാം സ്ത്രീകളും മനസ്സിലാക്കുകയും അവയെ ശരിയായി അനുഷ്ഠിക്കുകയും അനുഷ്ഠിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാകുന്നു. "ശരീരമാദ്യം ഖലു ധർമ്മസാധനം" എന്നാണല്ലൊ ആപ്തവാക്യം. ഇങ്ങിനെയുള്ള ശരീരത്തെ സംരക്ഷിക്കാൻ സാധിക്കാത്തവർക്കു മറ്റെന്തു ഗുണങ്ങളുണ്ടായാലും നിഷ്പ്രയോജനമായി ഭവിക്കുന്നതാണ്. അങ്ങിനെയുള്ളവർ തങ്ങൾക്കും സമുദായത്തിനും ഒരു ഭാരമായിത്തീരുന്നതാണ്.

നായർസമുദായത്തിൻെറ സാമ്പത്തികനില അത്ര ആശാസ്യമല്ലെന്നു ഞാൻ പറയേണ്ടതില്ല. അതിനെ ഉയൎത്തിക്കൊണ്ടുവരേണ്ട കാൎയ്യത്തിൽ സ്ത്രീകളായ നമുക്കു വലുതായ ഒരു ചുമതലയുണ്ടെന്നു നാം വിസ്മരിക്കരുത്. "ഒതുങ്ങിയ ജീവിതവും ഉൽകൃഷ്ട ചിന്തയും" എന്നായിരിക്കണം നമ്മുടെ മുദ്രാവാക്യം. അനേകം കുടുംബങ്ങളെ ദാരിദ്ര്യത്തിൽപെട്ടുഴലുവാൻ ഇടയാക്കിയത് നമ്മുടെ ആഡംബരജീവിതമാണെന്നുള്ള അപരാധം സകാരണമായോ അകാരണമായോ ചില സഹോദരന്മാർ നമ്മളിൽ ചുമത്തിവരുന്നുണ്ട്. ഇതിന് അടിസ്ഥാനമുണ്ടെങ്കിലും ഇല്ലെങ്കിലും ഈ അപവാദം നിരൎത്ഥമാണെന്നു നാം ദൃഷ്ടാന്തംമൂലം കാണിച്ചുകൊടുക്കേണ്ടതാണ്. നമ്മുടെ സാമ്പത്തികനില നന്നായിവരുന്നതുവരെ നാം നമ്മുടെ ആവശ്യങ്ങളെ കഴിയുന്നതും കുറയ്ക്കണം. "ആയം ദൃഷ്ട്വാ വ്യയം കുൎയ്യാൽ"എന്നുള്ളതു നാം എപ്പോഴും ഓൎക്കണം. ഇക്കാൎയ്യത്തിൽ നമ്മുടെ പൂൎവ്വികന്മാരിൽനിന്നു നമുക്കു പലതും മനസ്സിലാക്കാനുണ്ട്. അവൎക്ക് എന്തെല്ലാം ദോഷങ്ങളുണ്ടായിരുന്നാലും ആഡംബരരഹിതമായ ജീവിതമായിരുന്നു അവർ നയിച്ചിരുന്നത്. ഇക്കാൎയ്യത്തിൽ നാം അവരെ അനുകരിക്കതന്നെ വേണം.

ഇക്കാലത്ത് ഇംഗ്ലീഷുവിദ്യാഭ്യാസം സിദ്ധിച്ച പല സ്ത്രീകളും ഉദ്യോഗം ഭരിച്ചു സ്വതന്ത്രരായി ജീവിക്കുന്നുണ്ടെന്നുള്ളതു ചാരിതാൎത്ഥ്യജനകംതന്നെയുമാണ്. എന്നാൽ അതിനു സാധിക്കാത്തവൎക്കും മാനമായ വല്ല തൊഴിലുകളിലും ഏൎപ്പെട്ടു കുടുംബാദായത്തെ വൎദ്ധിപ്പിക്കുവാൻ സാധിക്കുന്നതാകുന്നു. നൂൽനൂല്പും നെയ്ത്തുമാണ് പ്രാധാന്യത്തെ അൎഹിക്കുന്നത്. ഒരുകാലത്തു കുടിൽ

തൊട്ട കൊട്ടാരംവരെ അഭിമാനകരമായി കരുതിയിരുന്ന ഒരു തൊഴിലാണ് ആദ്യം പറഞ്ഞതു്. എന്നാൽ ഇപ്പോൾ അതിൻെറ ശബ്ദംപോലും എങ്ങും കേൾക്കാതായിത്തുടങ്ങി. വിദേശവസ്ത്രം ദഹിപ്പിച്ചു ഖദർവസ്ത്രം ധരിക്കുന്നതു യോഗ്യതയായി കരുതിയിരുന്നവർതന്നെയാണ് ഇപ്പോൾ ലങ്കാഷെയറിൽനെയ്ത വസ്ത്രങ്ങൾക്കു വിലകൂട്ടിവരുന്നത്. ഇതെത്രയും പരിതാപകരം തന്നെ. ഖദർ നിർമ്മാണത്തിനും നൂൽനൂൽപ്പിനും രാഷ്ട്രീയമായ അൎത്ഥം കല്പിക്കേണ്ട ആവശ്യമൊന്നുമില്ല. നമ്മുടെ സാമ്പത്തികനില നന്നാക്കുന്നതിനും സാധുക്കൾക്കു തൊഴിലുണ്ടായി വരുന്നതിനും ഇവയ്ക്കു പ്രോത്സാഹനം നൽകേണ്ടതു് അത്യാവശ്യമാണ്. വിദേശവസ്ത്രങ്ങൾ ദഹിപ്പിക്കുന്നതിനു പകരം അവയെ സാധുക്കൾക്കു കൊടുക്കുകയും അവർ നെയ്തുണ്ടാക്കുന്ന ഖദർ മററുള്ളവർ ധരിക്കുകയുമാണ് വേണ്ടതു്. അല്ലാതെ വലിയ വില കൊടുത്തു ഖദർ വാങ്ങി ധരിപ്പാൻ സാധുക്കളെ നിർബ്ബന്ധിക്കുകയും മററുള്ളവർ വിദേശവസ്ത്രങ്ങൾ ധരിക്കുകയും ചെയ്തതുകൊണ്ടു നമ്മുടെ ദാരിദ്ര്യം ഒരിക്കലും നീങ്ങുന്നതല്ല. ഇന്നു സമാജം വകയായി ഒരു നൂൽനൂൽപ്പുസംഘം സ്ഥാപിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. വലിയവരുടെ പ്രോത്സാഹനംകൊണ്ടു മാത്രമെ ഖദർപ്രസ്ഥാനം വിജയകരമായി ഭവിക്കയുള്ളു. സാമ്പത്തികാഭിവൃദ്ധിക്ക് ഇനിയും അനേകമാർഗ്ഗങ്ങളുള്ളതിനെക്കുറിച്ചു മാന്യസഹോദരികളായ നിങ്ങൾതന്നെ വഴിപോലെ ആലോചിച്ചാൽകൊള്ളാമെന്ന് അപേക്ഷിക്കുന്നു.

അവസാനമായി ഒരു സംഗതികൂടി പറഞ്ഞ് എൻെറ ഈ ഉപക്രമപ്രസംഗത്തെ ഉപസംഹരിച്ചേക്കാം. കാലഗതി അനുസരിച്ചു, നമ്മുടെ പല ആചാരങ്ങൾ

ക്കും ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. സമുദായപുരോഗതിക്കു പ്രതിബന്ധമായി നില്ക്കുന്ന സകല ആചാരങ്ങളേയും ഭേദപ്പെടുത്തുന്ന വിഷയത്തിൽ നാം നമ്മുടെ സഹോദരിമാരുമായി നിശ്ചയമായും സഹകരിക്കേണ്ടതാകുന്നു. പക്ഷെ ഒരാചാരം പഴയതാണെന്നുള്ളതുകൊണ്ടുമാത്രം അതിനെ ത്യാജ്യകോടിയിൽ പെടുത്തേണ്ടതുമില്ല.

"പാത്താൽ പഴേതൊക്കെയുമസ്സലെന്നും പുത്തൻ പരം നിന്ദ്യമതെന്നുമില്ല" എന്നുള്ളതു സമ്മതിക്കേണ്ടതാണെങ്കിലും "പാത്താൽ പഴേതൊക്കവെ നിന്ദ്യമെന്നും പുത്തൻ പരം നല്ലതുമെന്നുമില്ല" എന്നു പറയുന്നതിലും സത്യമുണ്ടെന്നുള്ളത് ഓക്കേണ്ടതാണ്. നമ്മുടെ ക്ഷേമൈശ്വര്യങ്ങൾക്കു ബാധകമാകാത്തതും നമുക്കുള്ള ചില പ്രത്യേകഗുണങ്ങളെ നിലനിത്തിപ്പോരുന്നതുമായ ആചാരങ്ങളെ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. നായർസ്ത്രീകൾക്കുള്ള വിനയം, കുടുംബസ്നേഹം, പാതിവ്രത്യം, ഈശ്വരഭക്തി, വിവേകം എന്നീ ഗുണങ്ങൾ പാശ്ചാത്യരുടെ പ്രശംസയ്ക്കുകൂടി പാത്രമായി ഭവിച്ചിട്ടുള്ളതാണ്. അവ പരിഷ്കാരപ്രവാഹത്തിൽ പെട്ടു നശിച്ചുപോകാതെ സൂക്ഷിക്കുകയും അവയെ പോഷിപ്പിക്കുന്നതിനുതകുന്ന സകല ഏപ്പാടുകളെ നാം ആദരിക്കുകയും ചെയ്യേണ്ടതാകുന്നു.

മുല്ലോത്തു തങ്കമ്മനേത്യാരമ്മ

## ഒരപേക്ഷ

ബാലപ്രാലേയരോചിസ്സുടയ മുടിതടം
മൂന്നു തൃക്കണ്ണു തൃക്കൈ-
നാലിൽ ചാപാസ്ത്രപാശാങ്കുശമിളനളിനീ-
കാന്തകാന്തിപ്രവാഹം

ചേലേറും ഭൂഷണശ്രീഷിരുതഴകതിതാ-
        രുണ്യമേവം വിളങ്ങും
മാലാററും ഗൌരിയമ്മേ! തിരുവടിയിവനിൽ
        തൃക്കടക്കണ്ണിടേണം. ൧

അമ്മേ! ഞാനനുവാസരം ഭവതിയെ-
        സ്സേവിക്കിലും സങ്കടം
നമ്മെത്തീണ്ടുവതെന്തു, കൃത്യമിടയിൽ
        ചെയ്യുന്നതുണ്ടെങ്കിലും
ചെമ്മേ നിൻകഴൽ കൂപ്പിടുന്നവനെഴി-
        ല്ലാപത്തു പോരാ സുഖം
മേന്മേൽ വന്നുകരേറുമെന്നു മുനിമാർ
        ചൊല്ലുന്നു ശാസ്ത്രങ്ങളിൽ. ൨

ആരാണെൻ ബന്ധു, വാരാണിവനരി, യെവനാ-
        ണിന്നുദാസീനനെന്നാ-
യോരാതെന്തൊക്കെയൊ ഞാനകപടമിവിടെ-
        ച്ചെയ്തതൊക്കെപ്പിഴച്ചു
പോരാ വേണ്ടാത്തതേറെത്തലയിലിഹ വലി-
        ച്ചിട്ടു മേലാലനർത്ഥം
തീരാനും മാർഗ്ഗമില്ലാ ഭഗവതി! സകലം
        നിൻപദാംബുജം പ്രമാണം. ൩

അർത്ഥം, മിത്രം, കളത്രം, തനയരിതുകളിൽ
        സാരബുദ്ധ്യാ ഭ്രമിച്ചി-
ട്ടർത്ഥം സാധിക്കുവാനുള്ളൊരു വഴി കരുതി-
        പ്പാർത്തു കാലം കളഞ്ഞു
അർത്ഥം കൂടാത്ത യത്നം വളരെവളരെ ഞാൻ-
        ചെയ്തു യത്നിച്ചതെല്ലാം
വ്യർത്ഥം തൃക്കാലൊഴിഞ്ഞില്ലടിയനു ശരണം
        കാത്തുകൊള്ളേണമമ്മേ! ൪

ചെയ്യേണ്ടും കർമ്മമെന്താണൊരുപൊഴുതുമനു-
　　ഷ്ഠേയമല്ലാത്തതെന്താ-
ണിയ്യുള്ളോനാരു മിത്രം, രിപുവെവനരുളാ-
　　വുന്നതെന്തെന്തു ഗോപ്യം
പൊയ്യല്ലിത്യാദിയേതും വിവരമടിയനി-
　　ല്ലംബികേ! മന്മനം വെ-
ന്തയ്യയ്യോ! നീറിടുന്നൂ തവ പുരുകരുണാ-
　　സാരമൊന്നേ സഹായം. ൪

നേരേണം നന്മ മേന്മേലിവനിലഖിലരും
　　തുഷ്ടരായും വരേണം
ചേരേണം വാഗ്വിലാസം മധുരമൊഴിയശ-
　　സ്സായുരാരോഗ്യസൌഖ്യം
ഓരേണം സത്സദസ്സിൽ ബുധജനമിവനെ-
　　ത്താഴ്മയുണ്ടായ്വരേണം
നേരേ തോന്നേണമെല്ലാം ഭഗവതി ഭരമേ-
　　ല്ക്കേണമമ്മേ! വലഞ്ഞു. ൫

ഇഷ്ടാനിഷ്ടങ്ങൾ പത്ഥ്യാഹിതതതി മുതലാ-
　　യൊന്നുമമ്മേ! ഗ്രഹിക്കാ-
ഞ്ഞിഷ്ടാപ്തിക്കായ്നിദാനം ഭഗവതി! തവ തൃ-
　　ക്കാലടിത്താർ തൊഴുന്നേൻ
ദുഷ്ടാദൃഷ്ടങ്ങൾ നീങ്ങാനുലകിലിതുവിധം
　　വേറെയൊന്നില്ലയെന്നാ-
യഷ്ടാവക്രാദ്യരോപ്പൂ ജനിമൃതിയുമവ-
　　ക്കൊക്കെ മാററാം മറിക്കാം. ൬

ഭാസിച്ചീടണമെൻറ മാനസസരോ-
　　ജത്താരിൽ നിത്യം ഭവ-
ത്രാസത്രാണകവാഞ്ഛിതാധികഫല-
　　ക്ഷേമപ്രദം തൃപ്പദം

ഹേ! സംസാരവിനാശനൈകചതുരേ!
മായേ! പദം താവകം
സംസേവിച്ചു ജഗത്തിലീക്കളികളി-
ക്കുന്നൂ വിടൊട്ടംബികേ! ൮

ആക്കും ഭീതിദമാം ഭവാമയമറി-
ഞ്ഞീടാതെ തൃക്കാക്കലാ-
ള്ളാക്കും കൂട്ടരുമീ നിലയ്ക്കലയുമീ-
ഞാനും നിനക്കുണ്ണികൾ
കാക്കുമ്പോളിഹ വേറുകൂറരുതയേ!
പെററമ്മ തോല്പിക്കുകിൽ
തോല്ക്കും മക്കൾ നിനക്കകീർത്തിയണയാ-
താക്കേണമെന്നാൽ മതി. ൯

എൻപാപക്കൂട്ടമൊട്ടുക്കൊരുപദനതിയാൽ
വേരറുത്തുൾപ്രമോദം
സംപ്രാപിപ്പിക്കുകമ്മേ! ജനനികളനിശം
പുത്രവാത്സല്യമുള്ളോർ
നിമ്പാദപ്പൊങ്കുരുന്നേ ശരണമടിയനെ-
ന്നോക്കണേ ലോകമെല്ലാം
നിമ്പാട്ടിൽത്തന്നെയല്ലോ തരണമഭയമീ-
ദ്ദാസനെന്നാണപേക്ഷ. ൧൦

നടുവത്തു മഹൻനമ്പൂരി.

## ദൈവത്തിന്റെ കളി

ലക്ഷ്മിക്കുട്ടിയമ്മ—മോളെ!, ഗോപി ഇതേവരെ വന്നില്ലേ?

ഓമന—ഇല്ല.

ല. അ—എന്ത്! എന്താ, അവനിന്നിത്ര വൈകന്നത്? അഞ്ചാറുനാഴിക രാവായല്ലോ! എന്റെ കുട്ടി

എവിടെപ്പോയി ഈശ്വരാ! പാവം; അതിൻെറ ഒരു കഷ്ടപ്പാട്—

ഓ—ദേ, വന്നു, ദേ, വന്നു, അമ്മെ! ഓപ്പേ! ഓപ്പേന്താ ഇന്നിത്ര വൈക്യേ? ഫാവൂ, എൻെറപ്പാ! ഞങ്ങള് വല്ലാണ്ടു പേടിച്ചുപോയി.

ഗോപീനാഥൻ—"ഒന്നും പറയണ്ടാ ഓമനെ! അമ്മയ്ക്കു വിശേഷമൊന്നുമില്ലല്ലൊ?" എന്നു ചോദിച്ചുകൊണ്ട് അകത്തേയ്ക്കു കടന്നു, ലക്ഷ്മിക്കുട്ടിയമ്മ കിടന്നിരുന്ന കയററുകട്ടിലിന്മേൽ ഒരററത്തിരുന്നു.

ല. അ—"ആവൂ, മോനെ! നീയെന്താ ഇന്നിത്ര വൈകീത്? ഈ ഇരുട്ടത്തു നീ തന്നിച്ചെങ്ങിനെ ഈ വഴിയൊക്കെ നടന്നുവന്നു അപ്പം!" എന്നു പറഞ്ഞു കരയാൻ തുടങ്ങി.

ഗോ. നാ—എന്തുചെയ്യട്ടെ, അമ്മെ! ഇരുട്ടത്തു നടക്കേണ്ടിവന്നാൽ അതും വേണ്ടെ? എല്ലാം ഓരോ കാലം. ആട്ടെ അമ്മയ്ക്കിന്നു വിശേഷമൊന്നും ഉണ്ടായില്ലല്ലോ ഉവ്വൊ?

ല. അ—വിശേഷോന്നുണ്ടായില്ല. ഹും. നിങ്ങളിങ്ങിനെ കഷ്ടപ്പെടുന്നതും കണ്ടുകൊണ്ടു ഞാനീ കിടപ്പുകിടക്കേണ്ടിവന്നല്ലൊ ഈശ്വരാ!

ഗോപീനാഥൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. സംസാരശക്തിയില്ലാതെ കുറച്ചുനേരം ഇരുന്ന ശേഷം,

"അമ്മെ! ഞാൻ ഇതേവരെ രാമേട്ടൻെറ മഠത്തിലായിരുന്നു. സ്കൂൾ വിട്ട ഉടനെ അവിടെചെന്നുകേറീതാണ്. ഇത്രേം നേരം അവിടെ നിന്നതുതന്നെ ഫലം."

ല. അ—അവൻ ഉപകാരം ചെയ്യില്ലാ മോനെ! ഞാനതു പലപ്പോഴും നിന്നോടു പറയാറില്ലേ?

ഗോ. നാ—അമ്മ പറയാറുണ്ടെങ്കിലും എനിക്കിതേവരെ ബോദ്ധ്യമുണ്ടായിരുന്നില്ല. ഇന്നു പൂൎണ്ണബോദ്ധ്യമായി.

ല. അ—എന്താ മോനെ! ഇന്നും കിട്ടീല്ലേ?

ഗോ. നാ—ഞാൻ ചെന്നപ്പോൾ രാമേട്ടൻ അകത്തെങ്ങാണ്ടോ ആയിരുന്നു. ഞാൻ പുറത്തു നില്ക്കുന്നത് ഒന്നുരണ്ടുതവണ കണ്ടെങ്കിലും കണ്ടഭാവം നടിക്കാതേയും പുറത്തേയ്ക്കു വരാതേയും അരമണിക്കൂറോളം അകത്തുതന്നെ കഴിച്ചുകൂട്ടി. അതു കഴിഞ്ഞപ്പോൾ വാലിയക്കാരൻ വന്നിട്ടു യജമാനൻ ക്ലബ്ബിലേക്കു പോവുകയാണെന്നും എന്നോടു കുറച്ചുനേരം അവിടെ നില്ക്കാൻ പറഞ്ഞു എന്നും പറഞ്ഞു. അപ്പോൾത്തന്നെ ഏട്ടൻ എന്റെ അടുക്കൽക്കൂടെതന്നെ പുറത്തേക്കു പോവുകയും ചെയ്തു. എന്നോടൊരക്ഷരംപോലും മിണ്ടിയില്ല. ഞാൻ അവിടെത്തന്നെ നിന്നു. വെശന്നിട്ടാണെങ്കിൽ വയ്യാ. നേരം സന്ധ്യയായി. എന്നിട്ടും ഏട്ടനെ കാണ്മാനില്ല. അത്രയും നേരം നിന്നസ്ഥിതിക്കു വല്ലതും കിട്ടുമായിരിക്കുമെന്നു വിചാരിച്ചു ഞാൻ പിന്നെയും നിന്നു. നിന്നുനിന്നു മണി ഏഴര കഴിഞ്ഞു. അപ്പോൾ വേറെ ഒന്നുരണ്ടുപേരുമൊരുമിച്ച് ഏട്ടൻ കയറിവന്നു. ഞാൻ മിററത്തുതന്നെയാണ് നിന്നിരുന്നത്. എന്നെ കണ്ടപ്പോൾ “അല്ലാ, താനിനിയും പോയിട്ടില്ലേ? ഇന്നു നിന്നിട്ടു പ്രയോജനമൊന്നുമില്ല. ഇവിടെ ഒന്നും ഇരിപ്പില്ല. നാളെയൊ മറെറാ വരൂ” എന്നു പറഞ്ഞുകൊണ്ടു കൂട്ടുകാരോടുകൂടെ അകത്തേക്കു കടന്നു. എനിക്കു പിന്നെ ഒന്നും പറയുവാൻ സാധിച്ചില്ല കുറച്ചുനേരവുംകൂടെ ഞാൻ അവിടെ നിന്നു. ഒടുവിൽ സഹിക്കാൻവയ്യാത്ത മനോവേദനയോടുകൂടെ ഇങ്ങോട്ടു പോരികയും ചെയ്തു.

ല. അ—എൻെറ മോനെ!, അഃ ഇതൊക്കെ കാണാൻ ഈശ്വരനൊരാളുണ്ട്. നീ വ്യസനിക്കണ്ട.

ഗോ. നാ—അമ്മെ! ഏട്ടൻ ഇത്ര കൎക്കശനാണെന്നു ഞാൻ ഇതേവരെ വിചാരിച്ചിരുന്നില്ല. എത്രദിവസമായി അമ്മെ! എന്നെ ഈ നടപ്പു നടത്തുന്നു. എൻെറ സകല സ്ഥിതികളും ഏട്ടനറിയാമല്ലൊ.

ല. അ—അതൊന്നും പറഞ്ഞിട്ടാവശ്യമില്ല മോനെ! നമ്മുടെ കാലം. ഒക്കെ ഈശ്വരകല്പിതമാണെന്നേ വിചാരിക്കേണ്ടു. രാമേട്ടനെ ഈ സ്ഥിതിയിലാക്കിയത് അങ്ങോരൊരാളാണ്. അതോൎത്തിട്ടെങ്കിലും—എന്നു പറഞ്ഞു വീണ്ടും തേങ്ങിത്തേങ്ങി കരയുവാൻ തുടങ്ങി.

ഓമ—അപ്പൊ ഓപ്പേ! ഓപ്പയ്ക്കു നാളെയല്ലെ പീസ്സു കൊടുക്കേണ്ടത്?

ഗോ. നാ—അതെ ഓമനെ!

ഓ—അപ്പോ ഇനി എന്താ ചെയ്യണെ ഓപ്പേ!

ല. അ—കുട്ടാ! മോനെ! അവിടെ ശേഷോള്ളോരാരും നിന്നെ കണ്ടില്ലെ?

ഗോ. നാ—എല്ലാരും കണ്ടു. ആരും ഒന്നും മിണ്ടീല്ല. ആ അമ്മിണിം കണ്ടഭാവം നടിച്ചില്ല.

ല. അ—ഇനി എന്താ ചെയ്യണ്ടെ മോനെ!

ഗോ. നാ—ഞാനൊന്നൊരു വഴിയും കാണുന്നില്ല. നാളെ പീസ്സടയ്ക്കണം. പന്ത്രണ്ടുറുപ്പിക വേണ്ടതിൽ മൂന്നുറുപ്പിക മൂന്നരയണ എൻെറ കയ്യിലുണ്ട്.

ല. അ—എൻെറ മോൻെറ മാഷ്ടരോടൊന്നു ചോദിക്കായിരുന്നില്ലെ? അവരൊക്കെ ഉപകാരംചെയ്യുന്നവരാവും.

ഗോ. നാ—ഇപ്പോം എത്ര തവണയായി അമ്മെ!

മാസ്റ്റർമാർ ഓരോരോ വകസ്സായി എനിക്ക പണംതരുന്നു. ഇനിയും ഞാനെങ്ങിനെയാണ് അവരോടു ചോദിക്കുന്നത്? എന്തെങ്കിലുമാവട്ടെ; ഞാൻ നാളേയും സ്കൂളിൽപോയിനോക്കണമെന്നാണ് വിചാരിക്കുന്നത്.

രാമ—അമ്മേ! അച്ഛനു ശ്ശി പണോണ്ടാന്നല്ലോ അമ്മേ! അതൊക്കെ എന്തുചെയ്തു?

ല. അ—അച്ഛൻ സമ്പാദിച്ചതെല്ലാം മരുമക്കൾക്കും കടപ്രന്നൊന്മാർക്കും വേണ്ടി ചിലവുചെയ്കയാണുണ്ടായത് മോളെ! അന്നന്നു കിട്ടുന്നത് അന്നന്നു ചിലവും ചെയ്തുവന്നു. ഒടുക്കം ഒന്നും ശേഷിച്ചില്ല. ഈ രാമേട്ടനെ ബി. ഏ. വരെ പഠിപ്പിച്ചതും ഈ ഉദ്യോഗം കൊടുപ്പിച്ചതും അച്ഛനൊരാളാണ്. തറവാട്ടിലെ കടം വീട്ടുവാൻതന്നെ പത്തുപന്തിരായിരം ഉറുപ്പിക വേണ്ടിവന്നിട്ടുണ്ട്. ഇതൊക്കെ കഴിഞ്ഞ് ഒടുക്കം അങ്ങോരു വയ്യാണ്ടു കിടന്നപ്പോൾ ഒരാളും തിരിഞ്ഞുനോക്കാനുണ്ടായില്ല. അങ്ങോരുടെ ഒരു പെട്ടിയുണ്ടായിരുന്നു. അതും മരുമകൻ ഇവിടെവന്നെടുത്തുകൊണ്ടുപോയി.

രാമ—രാമേട്ടനും അച്ഛനെ നോക്കില്ലേ?

ല. അ—രാമേട്ടനൊ? എൻെറ മോളുക്കന്നു മൂന്നു വയസ്സല്ലേ ആയിരുന്നെ? അങ്ങോര് അഞ്ചാറു മാസത്തോളം ദീനത്തിൽ കിടപ്പായിട്ട് ഈ രാമേട്ടൻ ഇങ്ങട്ടു തിരിഞ്ഞുനോക്കേംകൂടി ഉണ്ടായില്ല. അതിന്നു കാരണോണ്ടായി കൊറച്ച്. അതൊക്കെ എന്തിനു പറയണു! അങ്ങോരു മരിച്ച അന്ന് ഇവിടെ വന്നിരുന്നുന്നു പറയണകേട്ടു. എന്നിട്ടും എൻെറ അടുക്കൽ വര്യേണ്ടായില്ല. അങ്ങോരുടെ പെട്ടീം മററും എടുത്തുകൊണ്ടുപോവ്വേം ചെയ്തു. അവനിതൊക്കെ അനുഭവിക്കാതിരിക്കില്ല.

ഗോ. നാ—അച്ഛൻ സുഖക്കേടിൽ കിടന്നപ്പോൾ രാമേട്ടൻ ഇവിടെ വരാതിരുന്നതിന്ന് എന്താണമ്മെ കാരണം? അമ്മ പറഞ്ഞല്ലൊ എന്തൊ കാരണമുണ്ടായിരുന്നെന്ന്.

ല. അ—അതു രാമേട്ടൻെറ സമ്മന്തക്കാൎയ്യത്തിലാണ് മോനെ! പഠിത്തം കഴിഞ്ഞ് അങ്ങോര് ഒരുദ്യോഗവും മേടിച്ചുകൊടുത്തു. ഒടനെയാണ് ഇപ്പോഴത്തെ ഈ ഭാൎയ്യയെ രാമേട്ടൻ സമ്മന്താവാനാലോചിച്ചത്. അതിന്ന് അച്ഛൻ തടസ്സംപറഞ്ഞു. തീരെ പാടില്ലെന്നുതന്നെ പറഞ്ഞു. ആ സ്ത്രീയുടെ സ്വഭാവോം നടവടീം മറ്റും അങ്ങിനെയായിരുന്നതുകൊണ്ടാണ് അങ്ങോരു വിരോധിച്ചത്. അതിൽവെച്ച രണ്ടുപേരും തമ്മിൽ ഇടഞ്ഞു. രാമേട്ടൻ പിന്നെ ഇവിടെ കടന്നിട്ടില്ല. അതാണ് കാരണം.

ഗോ. നാ—രാമേട്ടൻ അവരെ സംബന്ധം ചെയ്താൽ അച്ഛനെന്താ അമ്മെ!

ല. അ—രാമേട്ടന് അതുകൊണ്ടു ദോഷം നേരിടുമെന്നായിരുന്നു അങ്ങോരുടെ ഊഹം. അങ്ങോരു പറഞ്ഞാൽ പിഴയ്ക്കാറില്ല. അതിനി ഞാൻ മരിച്ചുപോയാലും നിങ്ങൾക്കൊക്കെ അനുഭവപ്പെടേം ചെയ്യും. നോക്കിക്കോളു.

ഗോ. നാ—അമ്മെ! അച്ഛൻ നമുക്കവേണ്ടി ഒന്നും തന്നിട്ടില്ലെ?

ല. അ—മകനെ! നിന്നെ എട്ടുക്ലാസ്സു പഠിപ്പിച്ചത് അങ്ങോരല്ലെ? അതേവരെ നമ്മളെത്ര സുഖമായിട്ടാണ് കഴിഞ്ഞിരുന്നത്. അതിനൊക്കെ അച്ഛനല്ലെ പണം ചിലവാക്കിയിരുന്നത്. നൂറുറുപ്പിക ശമ്പളംകൊണ്ട് അങ്ങോര് ഇത്രയൊക്കെ സാധിച്ചിരുന്നതാണ് അ

ത്ഭുതം! 'അങ്ങോരു ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ നിങ്ങളുടെ രണ്ടുപേരുടേയും കഥയെന്താവുമായിരുന്നു. അതൊക്കെ ഇനി വിചാരിച്ചിട്ടും പറഞ്ഞിട്ടും പ്രയോജനമെന്താ?

ഗോപിനാഥൻ മൌനമായിരുന്നു. കുറെ കഴിഞ്ഞപ്പോൾ അമ്മയുടെ നിർബ്ബന്ധപ്രകാരം അയാൾ എഴുനീറ്റ് അടുക്കളയിൽ പോയി തനിക്കുവേണ്ടി താൻതന്നെ രാവിലെ പാകംചെയ്തുവെച്ചിരുന്ന കഞ്ഞി, ആറിത്തണുത്തതായിരുന്നെങ്കിലും, ഒരു പാത്രത്തിലെടുത്തു കുടിച്ച ശേഷം ലക്ഷ്മിക്കുട്ടിയമ്മയുടെ അകത്തുതന്നെ പോയി കിടന്നു. ഓമന കാലെക്കൂട്ടി ഉറങ്ങിക്കഴിഞ്ഞിരുന്നു. ഗോപീനാഥനും ലക്ഷ്മിക്കുട്ടിയമ്മയും ഓരോ മനോരാജ്യങ്ങൾകൊണ്ടും സ്വപ്നകലുഷങ്ങളായ മയക്കങ്ങൾകൊണ്ടും ഒരുപ്രകാരത്തിൽ നേരം വെളുപ്പിക്കുകയാണുണ്ടായത്.

## ൨

വെളുപ്പാൻകാലത്തു നാലുമണിക്കുമുമ്പുതന്നെ ഗോപീനാഥൻ ഉണന്നു. ഉടനെ അടുക്കള അടിച്ചുവാരി തളിച്ചു, പാത്രങ്ങളെല്ലാം തേച്ചുമോറി വെച്ച ശേഷം അടുത്ത വിഷ്ണുക്ഷേത്രത്തിൽ പോയി കുളിയും തൊഴലും കഴിച്ചു മടങ്ങിവന്നു. തന്റെ ഏകസഹോദരിയും ആറുവയസ്സു മാത്രം പ്രായമുള്ളവളുമായ ഓമനയെ വിളിച്ചുണർത്തി മുഖം കഴുകിച്ച് അമ്മയുടെ അടുക്കലിരുന്നു പതിവുംപടി നാമം ചൊല്ലുവാൻ ഏർപ്പാടുചെയ്തു. അമ്മയ്ക്കും അത്യാവശ്യം വേണ്ടതായ ശുശ്രൂഷകളും അയാൾതന്നെ ചെയ്തു. അതിന്റെ ശേഷം അടുക്കളയിൽ കടന്നു ഭക്ഷണം പാകംചെയ്യുവാൻ തുടങ്ങി. അപ്പോഴയ്ക്കും നേരവും പ്രകാശമായി.

താസിൽദാർ ശിവശങ്കരപ്പിള്ളയുടെ മൂത്തമകനായിരുന്നു ഗോപീനാഥൻ. കഥ തുടങ്ങുന്നകാലത്ത് അവന്നു പതിനാറുവയസ്സുമാത്രം പ്രായമായിരുന്നു. ഗോപീനാഥൻ എട്ടാംക്ലാസ്സിൽ വായിക്കുന്ന കാലത്താണ് ശിവശങ്കരപ്പിള്ള ദീനത്തിൽ കിടപ്പായത്. ആറുമാസത്തോളം അദ്ദേഹം സുഖക്കേടിൽ കിടന്ന ശേഷം അകാലമൃതിയടഞ്ഞു. അദ്ദേഹത്തിന്നു പറയത്തക്ക സമ്പാദ്യമൊന്നുമുണ്ടായിരുന്നില്ല. ഉദ്യോഗത്തിലിരുന്ന കാലം മുഴുവനും സ്വകുടുംബത്തിന്റെ അഭ്യുന്നതിക്കുവേണ്ടി പ്രയത്നിക്കുകയായിരുന്നു അദ്ദേഹം ചെയ്തിരുന്നത്. തറവാട്ടിൽ പത്തുപന്തീരായിരം ഉറുപ്പിക കടമുണ്ടായിരുന്നത് അദ്ദേഹം വീട്ടി. മരുമകൻ രാമൻമേനോനെ മദിരാശിക്കയച്ചു ബി. എ. വരെ പഠിപ്പിച്ചു. തന്റെ ഉത്സാഹത്തിന്മേൽ രാമൻമേന്നു് ഒരു സൎക്കാരുദ്യോഗവും (സ്കൂൾമാസ്റ്ററുടേത്) ഉടനെ ലഭ്യമായി. അതിന്നു ശേഷമാണ് രാമൻമേനോന്റെ സംബന്ധകാൎയ്യത്തിൽ വെച്ചു ലക്ഷ്മിക്കുട്ടിയമ്മ പറഞ്ഞവിധം അദ്ദേഹം രാമൻമേനവനുമായി വിരോധമാവാനിടയായത്. അതോടുകൂടെ കുടുംബത്തിലുള്ള എല്ലാവരും അദ്ദേഹത്തിനു വിരോധികളായിത്തീൎന്നു. ലക്ഷ്മിക്കുട്ടിയമ്മയ്ക്കു് അവരുടെ കുടുംബത്തിൽനിന്നു ഭാഗംകഴിച്ചു കിട്ടിയ കുറെ വസ്തുക്കളുണ്ടായിരുന്നു. അതുകൂടി തന്റെ കുടുംബത്തിലെ കടം വീട്ടുവാനായി ശിവശങ്കരപ്പിള്ള വില്ക്കുകയാണുണ്ടായത്. ഭൎത്തൃസ്നേഹം മൂൎത്തിമത്തായ ലക്ഷ്മിക്കുട്ടിയമ്മ ഇതിലൊന്നും യാതൊരു തടസ്സവും പറയുകയുണ്ടായില്ല. ഭൎത്താവിന്നു തന്നിൽ പരിപൂൎണ്ണമായ സ്നേഹമുണ്ടായിരുന്നു എന്നും അദ്ദേഹം തന്നെ വഞ്ചിക്കുകയില്ലെന്നും ആ സ്ത്രീ ദൃഢമായി വിശ്വസിച്ചിരുന്നു. കുടുംബത്തിലെ ക

ടങ്ങൾതീൎത്തു നേരെയാക്കിയതിന്നുശേഷം ഭാൎയ്യയുടേയും കുട്ടികളുടേയും ശ്രേയസ്സിന്നു വേണ്ട ഒരുക്കൾ ചെയ്യാമെന്നായിരുന്നു ശിവശങ്കരപ്പിള്ളയുടെ ആലോചന. അതിലേക്കു മരുമകൻ രാമൻമേനോന്റെ സഹായവുംകൂടിയുണ്ടാകുമെന്നായിരുന്നു അദ്ദേഹം വിശ്വസിച്ചിരുന്നത്. പക്ഷെ എന്തുചെയ്യട്ടെ! "അന്യഥാ ചിന്തിതം കാൎയ്യം ദൈവമന്യത്ര ചിന്തയേൽ." തന്റെ കുടുംബസ്ഥിതി ഒരുവിധം നേരെയായി. ഭാൎയ്യയും കുട്ടികളും പെരുവഴിയിലുമായി. ആ ഘട്ടത്തിൽ ശിവശങ്കരപ്പിള്ളയുടെ ജീവിതവും പൎയ്യവസാനിച്ചു. ഇങ്ങിനെയാണ് വാസ്തവത്തിൽ ഉണ്ടായത്.

ശിവശങ്കരപ്പിള്ളയുടെ മരണശേഷം ഭാൎയ്യയും കുട്ടികളും ദാരിദ്ര്യസമുദ്രത്തിന്റെ നടുവിൽ പെട്ടു നട്ടംതിരിയുവാൻതുടങ്ങി. അതേവരെ പരമാനന്ദമായി കഴിഞ്ഞുകൂടിയിരുന്ന ആ ചെറുപൈതങ്ങൾക്ക് ഒരുനേരം കഞ്ഞികൂടി കുടിക്കുവാൻപോലും വകയില്ലാതായി. അന്നുവരെ ഉററബന്ധുക്കളുടെമാതിരിയിൽ പെരുമാറിയിരുന്നവരിൽ ഒരൊററ ആളെങ്കിലും അതിൽപിന്നെ അവിടയ്ക്കു തിരിഞ്ഞുനോക്കാതായി. അങ്ങോട്ടു ചെന്നു യാചിച്ചാൽപോലും ആരും ഒന്നും കൊടുക്കില്ല. ലക്ഷ്മിക്കുട്ടിയമ്മയും കുട്ടികളും പട്ടിണികിടക്കുകതന്നെ! ഇരിക്കുന്ന പുരയും പറമ്പും ശിവശങ്കരപ്പിള്ളയുടെ ചികിത്സസ്സുവേണ്ടി പണയപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇങ്ങിനെയൊക്കെയായിരുന്നെങ്കിലും ഗോപിനാഥന്റെ പഠിപ്പു നിൎത്തിയില്ല. ലക്ഷ്മിക്കുട്ടിയമ്മ പശുക്കറവകൊണ്ട് ഒരുപ്രകാരത്തിൽ ഗോപീനാഥനു പഠിക്കുവാൻ വേണ്ട പണവും കഷ്ടിച്ച് ഒരുനേരത്തെ ഭക്ഷണത്തിന്നു വേണ്ട

വകയും സമ്പാദിച്ചുവന്നു. അദ്ധ്യാപകന്മാരിൽ പലരും അവനു പല സഹായങ്ങളും ചെയ്തുകൊടുക്കുകയുണ്ടായിട്ടുണ്ട്. ഇങ്ങിനെ പത്താംക്ലാസ്സുവരെയെത്തി. പത്തിൽ പഠിക്കുന്നകാലത്താണ് ലക്ഷ്മിക്കുട്ടിയമ്മ വാതരോഗപീഡിതയായി തീരെ കിടപ്പായത്. അതോടുകൂടെ പണത്തിന്റെ ബുദ്ധിമുട്ടും വളരെ വർദ്ധിച്ചു. ഗോപീനാഥന്റെ പരീക്ഷയ്ക്കു വേണ്ട പണവും അടയ്ക്കേണ്ട ഘട്ടമായി. യാതൊരു നിവൃത്തിയുമില്ലാതായപ്പോൾ രാമൻമേനോനെത്തന്നെ ശരണം പ്രാപിച്ചാൽ ഒരുപക്ഷെ വല്ല രക്ഷയും കിട്ടിയേക്കുമെന്ന് ആ സ്ത്രീ വിചാരിച്ചു. അവർ ഗോപീനാഥനെ രാമൻമേനോന്റെ അടുക്കൽ അയച്ചു സ്വല്പമായ എന്തെങ്കിലും സഹായംചെയ്താൽ കൊള്ളാമെന്ന് അപേക്ഷിച്ചു. പക്ഷെ മിസ്റ്റർ മേനോൻ ദിവസംപ്രതി ആ ബാലനെ തന്റെ വസതിയിലേക്കു നടത്തിക്കൊണ്ടിരുന്നതല്ലാതെ യാതൊരു സഹായവും ചെയ്തുകൊടുക്കുകയുണ്ടായില്ല. അഞ്ചാറു കൊല്ലം മുമ്പ് താസിൽദാർ ശിവശങ്കരപ്പിള്ളയുടെ മകനെന്നനിലയിൽ എല്ലാവരുടേയും ഓമനക്കുട്ടനായി കളിച്ചു തകൎത്തുനടന്നിരുന്ന ആ കോമളഗാത്രൻ ഇന്നിതാ ദാരിദ്ര്യദേവത കടിച്ചുതുപ്പിയ കോച്ചയെന്നോണം വീടുതോറും ഇരന്നുനടന്നു കഷ്ടപ്പെടുന്നു!

നേരം ഒമ്പതുമണിയായപ്പോഴയ്ക്കു ഗോപീനാഥൻ അടുക്കളപ്പണിയെല്ലാം കഴിച്ച് അമ്മയ്ക്കു വേണ്ട മരുന്നുകളും തയ്യാറാക്കിക്കൊടുത്ത ശേഷം സ്കൂളിലേക്കു പുറപ്പെടുവാനുള്ള ഒരുക്കമായി. ഏതു ജോലിചെയ്യുമ്പോഴും പുസ്തകം അവന്റെ കയ്യിലുണ്ടായിരിക്കും. ജോലിചെയ്യുന്നതിന്നിടയ്ക്കുതന്നെ വായിക്കേണ്ടതു വായിക്കുകയും

ചെയ്യും. അതായിരുന്നു പതിവ്. സ്കൂളിലേക്കു പുറപ്പെ
ട്ടു കുറച്ചിടയായപ്പോൾ മാത്രമാണ് വീട്ടിലെ അരിഷ്ട
തകളിൽനിന്ന് അവൻെറ ആലോചന കേവലം മുക്ത
മായി സ്കൂൾകാര്യങ്ങളിൽ പ്രവേശിക്കുവാൻ തുടങ്ങിയ
ത്. അതോടുകൂടെ അവൻെറ കണ്ണുകളിൽ വെള്ളം
നിറഞ്ഞു. സ്കൂളിൽ എത്തുവാൻ വീട്ടിൽനിന്നു പുറ
ങ്ങിയത് അഞ്ചുമൈൽ നടക്കണം. ഓരോ അടി മു
മ്പാക്കം വെക്കുംതോറും അവൻെറ മനസ്സിനു ക്ഷീണം
വർദ്ധിച്ചുതുടങ്ങി. അന്നു പീസ്സടച്ചില്ലെങ്കിൽ അതേവ
രെ ചിലവുചെയ്ത പണമെല്ലാം പാഴിൽ. ആ ഒരാലോ
ചന അവനെ കേവലം ശക്തിഹീനനാക്കി; വിഹ്വല
ചിത്തനാക്കി. സ്കൂൾ അടുക്കാറായി. അതാ, കാണു
ന്നു രാമൻമേനെൻറ ബങ്കളാവ്. സ്കൂളിൻെറ വളരെ അ
ടുത്താണ്. രമ്യമായ ഹർമ്മ്യം. മാളികയിൽ ഒന്നുരണ്ടു
കുട്ടികൾ നില്ക്കുന്നുണ്ട്. രാമൻമേനെൻറ ഭാര്യയും അവ
രുടെ അടുത്തുതന്നെ നില്ക്കുന്നു. അവർ ഗോപീനാഥ
നെ കണ്ടു. അവനെ നോക്കിക്കൊണ്ട് അവർ എന്തൊ
സംസാരിച്ചു. മുഷിഞ്ഞു, കീറിപ്പറിഞ്ഞ ഒരു ഷർട്ടും
അതേവിധത്തിലുള്ള ഒരു ചെറിയ കച്ചമുണ്ടും ധരിച്ചു
കൊണ്ടു, വിയർത്തൊഴുകി, നിരാധാരനായി, വഴിയിൽ
കൂടെ പോകുന്ന ആ കുട്ടിയെ കണ്ട് അവർ പരിഹസി
ക്കുകയായിരിക്കുമോ? ആവോ! പക്ഷെ, ഗോപിക്ക് ആ
ദ്യം അങ്ങിനെ തോന്നി. പെട്ടെന്ന് അവൻെറ ആ
ലോചന വേറെവഴിക്ക് തിരിഞ്ഞു. "നാളെ വരു"
എന്നല്ലെ, രാമേട്ടൻ ഇന്നലെ പറഞ്ഞത്? ഒരുപക്ഷെ
ഇന്നു ചെന്നാൽ പീസ്സിനുള്ള വക കിട്ടുമായിരിക്കാം."
ഗോപീനാഥൻ ഗേററിൻെറ സമീപത്തെത്തി. അവ

നറിയാതെതന്നെ അവന്റെ പാദങ്ങൾ അവിടെയ്ക്കു തിരിഞ്ഞു. അവൻ അകത്തു കടന്നു. അതു കണ്ടു മാളികയിൽനിന്നു കുട്ടികളും അമ്മയും 'ചടപിടം' എന്നു കോണിപ്പടി ചാടിയിറങ്ങി ഉമ്മരത്തെത്തി. കുട്ടികൾ വായ പൊത്തി ചിരിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ചാടിമാറി ഒതുങ്ങിനിന്നു. രാമൻമേനോൻ ഉടുപ്പുധരിച്ചു സ്കൂളിലേക്കു പുറപ്പെടാൻ തയ്യാറായി നില്ക്കുകയാണ്. ഭാര്യ ഒരു പുഞ്ചിരിയോടുകൂടി അടുത്തുണ്ടായിരുന്ന ഒരു 'ഈസിചെയറിനെ' അലങ്കരിച്ചു. ഗോപീനാഥൻ മുഖം കുനിച്ചുകൊണ്ടു രാമൻമേനെന്റെ അടുത്തു ചെന്ന് ആ മിററത്തു നിന്നു. അവന്റെ കണ്ണിൽനിന്ന് ഒന്നോ രണ്ടോ അശ്രുകണം പതിച്ചതു രാമൻമേനോന്റെ ദൃഷ്ടിയിൽ നിശ്ചയമായും പെട്ടിരിക്കണം. ഇത്തവണ, "എന്താ?" എന്ന് ഇടിനാദംപോലെയുള്ള ഒരു ചോദ്യംകൊണ്ടു മിസ്റ്റർ മേനോൻ ഗോപിയോടു കുശലപ്രശ്നംചെയ്തു. ഗോപിയുടെ തൊണ്ടയിടറി അവനു സംസാരിപ്പാൻ ശക്തിയുണ്ടായിരുന്നില്ല. അവൻ രാമൻമേനോന്റെ മുഖത്തേക്കു നോക്കി. രാമൻമേനോന്റെ ചോദ്യത്തിന്നു മറുപടി പറയുവാൻ ഗോപീനാഥൻ കുഴങ്ങുന്നതു കണ്ടിട്ടായിരിക്കാം ആ കൃത്യം നിർവ്വഹിക്കുവാൻ മിസ്റ്റർ മേനോന്റെ ഭാര്യതന്നെ തയ്യാറായത്. അവരുടെ മറുപടി ഇതായിരുന്നു.

"ഉം? ഇപ്പോളെ ഈ ഏട്ടനും മററും ഉണ്ടായുള്ളു. ഏട്ടനത്രെ! ഞങ്ങളുടെ പണംകൊള്ളേലാ കുട്ടീ? കൊള്ളുമെന്നു കുട്ടീടെ അമ്മ പറയില്ല തീർച്ചതന്നെ. ഈ കൊള്ളരുതാത്തവരുടെ അടുക്കലേക്കു കുട്ടിയെ ആരാ പിന്നെ പറഞ്ഞയച്ചേ? ഇപ്പൊ കുട്ടീടെ അച്ഛന്റെ പ്രതാ

പോക്കെ എങ്ങടാ പോയത്? നിവൃത്തിയില്ലേ? ഇല്ലെ ങ്കിൽ എന്തിനു പഠിക്കണെ? നിവൃത്തിയില്ലാത്തവർ അവരുടെ പാട്ടിനിരിക്ക്യല്ലെവേണ്ടെ? അപ്പെന്താ? പ ഷ്ഠറു കുറഞ്ഞില്ല; അത്രന്നെ. ആ വകയ്ക്കു സമ്മാനിക്കാൻ ഇവിടെ പണം ആരും സമ്പാദിച്ചുതന്നിട്ടില്ല, ട്ടോ. ഇതൊക്കെ ഇപ്പൊ വിചാരിച്ചാപ്പോരെന്ന് ആ അമ്മ യോടു പറഞ്ഞേക്കു. ഒരുവിരോധോല്ല്യ.”

ഇത്രയുമായപ്പോഴയ്ക്കു രാമൻമേനോൻ പടി പുറത്തു കടന്നുകഴിഞ്ഞു. അയാൾ ഒരക്ഷരംപോലും മിണ്ടാതെ യാണ് അവിടെനിന്ന് ഇറങ്ങിപ്പോയത്. നമ്രമുഖനാ യി ഇതെല്ലാം കേട്ടുകൊണ്ടുനിന്നിരുന്ന ഗോപീനാഥനാ വട്ടെ ശിരസ്സു പൊക്കാതെതന്നെ പൊട്ടുന്ന ഹൃദയത്തോ ടുകൂടി പിന്തിരിഞ്ഞു. കുട്ടികളിൽ ചിലർ “ഹേ! പപ്ര ശ്ശൂ! പപ്രശ്ശൂ! കോശായിക്കഞ്ഞേ! ഉവ്വ ഹൂവ്വെ” എന്നി ങ്ങിനെ ഉച്ചത്തിൽ ഓരോന്നു വിളിച്ചുപറഞ്ഞ് അവ നെ പരിഹസിച്ചു. കുട്ടികളുടെ ആ പരിഹാസത്തെ തടയുവാനുള്ളത്ര മനോഗുണംപോലും ചാരുകസാല യിൽ ഞെളിഞ്ഞുനിവൻകിടന്നിരുന്ന ആ കഠിനഹൃദ യയ്ക്കുണ്ടായില്ലെന്നുവരുമൊ! അഥവാ അവരതൊന്നും അറിയുന്നില്ലായിരിക്കാം. അവരുടെ മനസ്സു മററു വി ഷയങ്ങളിൽ വ്യാപരിക്കുകയായിരിക്കാം! ആവോ?

ഗോപീനാഥൻ സ്കൂളിലേക്കുതന്നെയാണ് തിരിച്ച ത്. അവനറിയാതെയാണ് അവിടെ ചെന്നു കയറിയ ത്. താൻ എവിടയ്ക്കു പോകുന്നു എന്നോ എന്തിനു പോ കുന്നു എന്നോ ഉള്ള കഥതന്നെ ആ സാധു മറന്നിരിക്കു ന്നു. സ്കൂളിൽ മണിയടിച്ച ശബ്ദംപോലും അവൻ കേ

ട്ടില്ല. അവൻ സ്കൂളിന്റെ ഇറയത്തു കയറി മിഴിച്ചു കൊണ്ടു നാലുപുറവും ഒന്നു നോക്കി. ആ സന്ദർഭത്തിൽ "എന്തെ, ഗോപീ! ഇത്ര വൈക്ക്യേ? വേഗം പോയിരിക്കൂ" എന്നു പറഞ്ഞുകൊണ്ട് അവന്റെ പുറത്ത് ആരോ തപ്പാളിച്ചു. ഗോപി തിരിഞ്ഞുനോക്കിയത് അവന്റെ ഗുരുനാഥന്റെ മുഖത്തായിരുന്നു.

ഗുരു—ഗോപീ! എന്തിനാ കരഞ്ഞെ? വേഗം ക്ലാസ്സിൽപോയി ഇരിക്കൂ. മണിയടിച്ചതു കേട്ടില്ലെ?

ഗോ. നാ—പീസ്സ് കിട്ടിയില്ല.

ഗുരു—എന്ത്? പീസ്സിവിടെ ആരോ കൊണ്ടുവന്നു തന്നുകഴിഞ്ഞല്ലൊ.

ഗോപീനാഥൻ ഒന്നു ഞെട്ടി. അവൻ അദ്ധ്യാപകന്റെ മുഖത്തു തുറിച്ചുനോക്കി.

ഗുരു—"പീസ്സെല്ലാം ഇവിടെ കിട്ടിക്കഴിഞ്ഞു. ഗോപി ക്ലാസ്സിൽ പോയി ഇരുന്നോളു കിട്ടും" എന്നു പറഞ്ഞ് അവനെ പിടിച്ചു ക്ലാസ്സിൽ കൊണ്ടുപോയി ഇരുത്തി. ഗോപി ഒരു നെടുവീർപ്പിട്ടു. അവന് അല്പം ആശ്വാസം തോന്നി. എന്തൊ ഒരു ഭാരം ഹൃദയത്തിൽ നിന്ന് ഒഴിവായതുപോലെയാണ് അവനപ്പോൾ അനുഭവപ്പെട്ടത്. "പീസ്സടച്ചൊ? ആരാണ് അടച്ചത്? ഈശ്വരാ! ഇതെന്തു മറിമായം. ഇത്തവണയും മാസ്റ്റർതന്നെയായിരിക്കുമൊ പീസ്സടച്ചത്? അതൊ—കഷ്ടം! രാമേട്ടനെ ഞാൻ തെററിദ്ധരിച്ചൊ? ദൈവമെ! എനിക്കു മാപ്പുതരണെ" എന്നിങ്ങിനെയുള്ള ആലോചനകളോടു കൂടി അവൻ ക്ലാസ്സിലിരുന്നു സ്വപ്നംകാണുവാൻതുടങ്ങി.

(തുടരും)

എം. ജി കൃഷ്ണമേനോൻ.

## മഹാത്മാ വാമാക്ഷേപാ

ഭാരതഭൂമിയിൽ എല്ലായിടത്തും ശക്തിപൂജ നടക്കുന്നുണ്ടെങ്കിലും ബങ്കാൾദേശത്തിലും പരിസരങ്ങളിലുമാണ് ഇതിന്നു പ്രചാരവും പ്രാധാന്യവും അധികമുള്ളതായി കാണപ്പെടുന്നത് എന്നുതന്നെയല്ല, ബങ്കാളത്തിൽ ശക്തിപൂജയ്ക്കാണ് പ്രാധാന്യം കല്പിച്ചിട്ടുള്ളതെന്നുംകൂടി പറയാവുന്നതാണ്. തൽഫലമായി അവിടെ ദേവീക്ഷേത്രങ്ങൾ സുലഭമാണ്. ശക്തിപൂജാദ്വാരാ, പരമപദം പ്രാപിച്ചിട്ടുള്ള അനേകം മഹാത്മാക്കൾ അവിടെ ഇടയ്ക്കിടെയുണ്ടാകാറുമുണ്ട്. ഇവരിൽ ഒരു സിദ്ധനാണ് മഹാത്മാവായ വാമാക്ഷേപാ.

ബങ്കാളത്തിന്നു സമീപം വീരഭൂമി എന്ന ഗ്രാമത്തിൽ താരാപീഠം എന്ന ഒരു പ്രസിദ്ധദേവീസ്ഥാനമുണ്ട്. താരാപുര(താരാപീഠം)ത്തിന്നു സമീപംതന്നെ അടലാ എന്നു പേരായ ഒരു ചെറിയ ഗ്രാമമുണ്ട്. അവിടെ സർവ്വാനന്ദചതോപാദ്ധ്യായൻ എന്നൊരു മഹാബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹത്തിന്നു വാമാചരണനെന്നും രാമചന്ദ്രനെന്നും രണ്ടു പുത്രന്മാരും, രണ്ടു പുത്രിമാരുമുണ്ടായിരുന്നു. വാമാചരണനാണ് പിന്നീടു വാമാക്ഷേപാ എന്ന പേരിൽ പ്രസിദ്ധിനേടിയത്.

വാമാചരണന്റെ ജനനം ക്രിസ്തുവർഷം ൧൮൩൭-ലാണ്. ഇദ്ദേഹത്തിന്റെ ബാല്യകാലത്തിൽ അധികാംശവും കളികളിൽ കഴിഞ്ഞു. വിദ്യാഭ്യാസത്തിൽ തീരെ ശ്രദ്ധയുണ്ടായിരുന്നില്ല. എങ്കിലും ഇദ്ദേഹത്തിന്റെ കളികൾക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു. ദേവന്മാരുടേയും ദേവിമാരുടേയും രൂപങ്ങൾ നിർമ്മിച്ചുള്ള കളികളായിരുന്നു ഇദ്ദേഹത്തിന്റേത്. കാളീപൂജാകാലത്തു

കാളി, ജഗദ്ധാത്രിപൂജാകാലത്തു ജഗദ്ധാത്രി — ഇങ്ങിനെ അതതുകാലത്തിന്നനുസരിച്ചു ദേവിയുടെ പ്രതിമയുണ്ടാക്കി സമവയസ്കന്മാരായ ബാലന്മാരെയെല്ലാം വിളിച്ചുകൂട്ടി ധൂപം, ദീപം, നിവേദ്യം മുതലായതുകളെക്കൊണ്ടു വിധിഃപോലെ പൂജ നടത്തുകയായിരുന്നു പതിവ്. ഇതു കണ്ടിട്ടു വാമാചരണന്റെ പിതാവിന്നു വളരെ സന്തോഷമായി ഇത്തരം കളികളിൽ സ്വപുത്രനെ അധികമധികം ഉത്സാഹിപ്പിച്ചു. അതുകാരണം വാമാചരണന്റെ ബാല്യകാലം വളരെ സുഖമായി കഴിഞ്ഞു.

പക്ഷെ, ഇതിന്നിടെ വാമാചരണന്റെ പിതാവു പെട്ടെന്നു കാലധൎമ്മം പ്രാപിച്ചു. വിദ്യാഭ്യാസം ലേശംപോലും സിദ്ധിക്കാത്ത ആ ബാലൻ കുടുംബഭാരം മുഴുവൻ വഹിക്കേണ്ട ഘട്ടമായി. പിതാവു കുടുംബഭരണക്ലേശം ലഘൂകരിക്കത്തക്കവണ്ണം യാതൊന്നും സമ്പാദിച്ചിരുന്നില്ല. നിത്യവൃത്തി കഴിയുവാൻതന്നെ വളരെ ബുദ്ധിമുട്ടായിരുന്നു. പക്ഷെ, വാമാചരണന്ന് ഇതുകൊണ്ടൊന്നും യാതൊരു കൂസലുമുണ്ടായില്ല. അദ്ദേഹത്തിന്നു കാളീമാതാവിൽ പൂൎണ്ണവിശ്വാസമുണ്ടായിരുന്നു. അദ്ദേഹം ശക്തി(ദേവി)യുടെ അനന്യപൂജകനായിരുന്നു. “നീ രണ്ടുമൂന്നണയെങ്കിലും സമ്പാദിച്ചുകൊണ്ടുവരില്ലെങ്കിൽ ഗൃഹത്തിലുള്ള ഇത്രയധികം പേർ എന്തു ഭക്ഷിച്ചു ജീവനെ രക്ഷിക്കും?” എന്നു മാതാവ് ഒരിക്കൽ ചോദിച്ചതിന്ന്, “അമ്മേ! അന്നപൂൎണ്ണാദേവിയുടെ രാജ്യത്ത് അന്നം ലഭിക്കാതെ ആരെങ്കിലും മരിക്കയെന്നതുണ്ടാകുമോ? നമ്മെ ജനിപ്പിച്ച ആ ദേവിതന്നെ നമുക്കു ഭക്ഷണം നല്കാതിരിക്കയില്ല. അമ്മ ഏകമനസ്സോടുകൂടി ദേവിയോടു പ്രാൎത്ഥിച്ചൽ ദേവി നിശ്ചയമായും അന്നവസ്ത്രാദികൾ തരാതിരിക്കയില്ല” എന്നു സംശയലേശ

മെന്ന്യേ പറഞ്ഞു. വാസ്തവത്തിൽ വാമാചരണന്നു ജഗജ്ജനനിയായ മഹാശക്തിയുടെ പ്രസാദം നല്ലപോലെയുണ്ടായിരുന്നു. അദ്ദേഹം നിത്യം താരാദേവിയുടെ ദർശനം കഴിച്ചു ദേവീനാമം ജപിച്ചുകൊണ്ടിരുന്നു. ലൌകികചിന്താഭാരംകൊണ്ടു ഭീതി തോന്നുമ്പോളെല്ലാം അദ്ദേഹം നേരെ താരാദേവീക്ഷേത്രത്തിലേക്ക് ഓടിച്ചെന്നു ഹസ്താഞ്ജലിയായി, "അമ്മേ! താരാദേവി! ഇവിടുന്നു സർവ്വചരാചരങ്ങളുടേയും സങ്കടങ്ങളെ ദൂരീകരിക്കുന്നുവല്ലോ. അടിയങ്ങളിൽ ഇവിടയ്ക്കു ദയതോന്നുന്നില്ലയോ" എന്നു പ്രാർത്ഥിച്ചു ഗൃഹത്തിലേക്കു മടങ്ങിവരുമ്പോൾ അന്നു ഗൃഹത്തിൽ ആവശ്യമുണ്ടായിരുന്ന സാധനങ്ങളെല്ലാം അവിടെ തയ്യാറായിക്കാണുക പതിവായിരുന്നു.

ഇപ്രകാരം രണ്ടു വർഷം കഴിഞ്ഞു. വാമാചരണൻ ദേവീദർശനത്തിലും, 'താരാ'നാമജപത്തിലും സമയം മുഴുവൻ കഴിച്ചു. കുടുംബജോലിയിൽ തീരെ ശ്രദ്ധപതിപ്പിച്ചിരുന്നില്ല. ഒരു ദിവസം മാതാവു വീണ്ടും "വാമാ! നീ ഇപ്പോൾ കുട്ടിയൊന്നുമല്ല; നിനക്കു വിവാഹം ചെയ്യേണ്ട പ്രായമായി. ഇനിയും ഭ്രാന്തുകാണിക്കാതെ എന്തെങ്കിലും തൊഴിലന്വേഷിക്കു. എത്രകാലമാണ് ഇങ്ങിനെ കഴിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്?" എന്നു ചോദിച്ചു. മാതാവു പറഞ്ഞതു വാസ്തവമാണെന്നു വാമാചരണൻ സമ്മതിച്ചു. "മാതാവ് എന്നോട് എന്തെങ്കിലും ജോലിയിലേർപ്പെടുവാൻ പറഞ്ഞിരിക്കുന്നു. ഞാൻ നിഷ്പ്രയോജനകരമായ ജോലിചെയ്തു ജന്മം പാഴാക്കിക്കളയാതെ ഉത്തമമായ ജോലിചെയ്യും" എന്നു നിശ്ചയിച്ച് ഒരുദിവസം തന്റെ മാതാവിനോടു "ഞാൻ ജോലിചെയ്യുവാൻ ആഗ്രഹിക്കുന്നു"വെന്നു പ

റഞ്ഞു. മാതാവിന്നു പുത്രൻെറ വാക്കുകൾ കേട്ടപ്പോൾ അതിയായ സന്തോഷമുണ്ടായി. ഗൃഹത്തിൽതന്നെ താമസിച്ച കൃഷിപ്രവൃത്തി ചെയ്യുന്നമെന്നായിരുന്നു മാതാവിൻെറ ആഗ്രഹം. പക്ഷെ വാമാചരണന്ന് അതു തീരെ ഇഷ്ടമുണ്ടായിരുന്നില്ല. അവസാനം സമീപത്തുള്ള ദേവീക്ഷേത്രത്തിൽ എന്തെങ്കിലും ജോലിക്കു ശ്രമിക്കുവാൻ തീച്ചപ്പെടുത്തി. ഇങ്ങിനെ പതിനഞ്ചു വയസ്സുമാത്രം പ്രായമായ വാമാചരണൻ ഒരു ക്ഷേത്രത്തിൽ പൂജയ്ക്കാവശ്യമായ പുഷ്പം മുതലായ സാമഗ്രികൾ ഒരുക്കുന്ന ജോലിയിലേപ്പെട്ടു. പക്ഷെ കുറച്ചുദിവസം അവിടെ ജോലിചെയ്തപ്പോൾ, അവിടത്തെ പൂജാരിക്കു വാസ്തവത്തിൽ ഭക്തിയില്ലെന്നും, അതുകൊണ്ട് ആയാൾക്കു പൂജാസാമഗ്രികൾ ഒരുക്കിക്കൊടുക്കുവാൻ തന്നെക്കൊണ്ടാവില്ലെന്നും ക്ഷേത്രഉടമസ്ഥനെ അറിയിച്ച ജോലിയിൽനിന്നു പിരിഞ്ഞു. പിന്നെ പലസ്ഥലങ്ങളിലും ജോലിയന്വേഷിച്ചുനടന്നു. പക്ഷെ വിദ്യാഭ്യാസമില്ലാത്തതുകാരണം ജോലിയൊന്നും ലഭിച്ചില്ല. വാമാചരണൻെറ പെരുമാററം കണ്ടു ഗ്രാമവാസികൾ അദ്ദേഹത്തെ 'ഭ്രാന്തൻ' എന്നത്ഥമുള്ള 'ക്ഷേപാ' എന്നു വിളിക്കുവാൻ തുടങ്ങി. അന്നുമുതൽക്ക് അദ്ദേഹത്തിൻെറ പേർ 'വാമാക്ഷേപാ' എന്നായി.

താരാപുരക്ഷേത്രത്തിൽ അക്കാലത്തു മോക്ഷദാനന്ദൻ എന്നു പേരായ ഒരു സാധുവായിരുന്നു പ്രധാന പൂജാരി. അദ്ദേഹം വാമാക്ഷേപനെപ്പററി കേട്ട് അദ്ദേഹത്തിൻെറ ശ്രദ്ധ ആ ബാലനിൽ പതിച്ചു. വാമാക്ഷേപാ നിത്യം താരാമന്ദിരത്തിൽ ചെന്നിരിക്കയും താരാദേവിയെ ആരാധിക്കയും പതിവായിരുന്നു. ഈ പ്രവൃത്തി കണ്ടിട്ടു മോക്ഷദാനന്ദനു വളരെ സന്തോഷമാ

യി. തൽഫലമായി അദ്ദേഹം വാമാചരണനെ പൂജാരിസ്ഥാനത്തേക്ക തൻെറ പിൻഗാമിയായി നിശ്ചയിച്ചു. അധികം താമസിയാതെ മോക്ഷദാനന്ദൻ സമാധിയടഞ്ഞു. വാമാചരണൻ താരാദേവീക്ഷേത്രത്തിലെ പൂജാരിയായി നിയമിക്കപ്പെട്ടുകയും ചെയ്തു. വാമാചരണന്നു പരമാനന്ദമായി. അദ്ദേഹം നിശ്ചിന്തഭാവേന താരാദേവിയെ പൂജിച്ചുതുടങ്ങി. അദ്ദേഹം കുട്ടിക്കാലംമുതൽ താരാദേവിയുടെ അനന്യഭക്തനായിരുന്നു. ദേവിക്കും അദ്ദേഹത്തിൽ അപാരമായ കൃപയുണ്ടെന്നു വ്യക്തമായി.

ഇതിന്നു ശേഷം അധികം താമസിയാതെ അദ്ദേഹത്തിൻെറ മാതാവും ഇഹലോകവാസം വെടിഞ്ഞു. ഈ വൎത്തമാനം വാമാചരണനെ അറിയിച്ചില്ല. താരാക്ഷേത്രം നദിയുടെ മറുകരയിലായിരുന്നു. മാതാവിൻെറ ശവശരീരം സംസ്കാരത്തിന്നു നദീതീരത്തേക്ക കൊണ്ടുപോകുമ്പോഴത്തെ ഹരിനാമം ശ്രവിച്ചു വാമാചരണൻ പരിഭ്രമവശനായി. തൻെറ മാതാവു മരണമടഞ്ഞുവെന്ന് അദ്ദേഹത്തിന്നു മനസ്സിലായി. മാതാവിനെയുള്ള അതിരററ സ്നേഹംനിമിത്തം മരണവാൎത്ത അറിഞ്ഞ് അദ്ദേഹത്തിന്നു വ്യസനം ദുസ്സഹമായിത്തീൎന്നു. ആ സമയത്തു നദി അതിവേഗത്തിൽ ശക്തിയായ ഒഴുക്കോടുകൂടിയാണ് പ്രവഹിച്ചിരുന്നത്. നദിയുടെ മറുകര കടക്കുന്നതു മനുഷ്യസാദ്ധ്യമല്ലായിരുന്നു. നദിയുടെ രണ്ടു തീരത്തും അനേകം ആളുകൾ കിംകൎത്തവ്യവിമൂഢന്മാരായി നില്പായി. പെട്ടെന്നു വാമാചരണൻ സൎവ്വശക്തിമയിയായ ആദിപരാശക്തിയെ സ്മരിച്ചു നദിയിലേക്കൊരു ചാട്ടം! വാമാക്ഷേപൻെറ കഥ അവസാനിച്ചുവെന്നുതന്നെ സൎവ്വരും വിശ്വസിച്ചു.

പക്ഷെ എല്ലാവരേയും അത്ഭുതപരതന്ത്രരാക്കുംവണ്ണം വാമാചരണൻ അല്പനിമഷങ്ങൾക്കുള്ളിൽ യാതൊരു കേടുംകൂടാതെ മറുകരയ്ക്കെത്തി; മാതാവിന്റെ ശവശരീരം തന്റെ പുറത്തെടുത്തു വീണ്ടും നദിയിൽ ചാടി. "ഒരു ശവശരീരത്തേയും പുറത്തു ചുമന്നുകൊണ്ടു വാമാചരണൻ ഈ ശക്തിയായ ഒഴുക്കിനെ എങ്ങിനെ കടക്കും? അദ്ദേഹത്തിന്റെ ജന്മം അവസാനിച്ചു, സംശയമില്ല" എന്നു കാണികളെല്ലാവരും വിചാരിച്ചു. പക്ഷെ, വാമാചരണൻ സൎവ്വശക്തികളുടേയും അധിഷ്ഠാനദേവതയായ താരാദേവിയിൽ പൂൎണ്ണവിശ്വാസത്തോടുകൂടിയാണ് ഈ സാഹസം ചെയ്തിരുന്നത്. താരാമാതാവ് അദ്ദേഹത്തിന്റെ വിശ്വാസത്തെ ശിഥിലമാക്കുമോ? ഒരിക്കലുമില്ല. ദേവിക്ക് അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന താൽപൎയ്യം അളവററതായിരുന്നു. കുറച്ചുനേരത്തിന്നു ശേഷം, വാമാചരണൻ ശവശരീരവുമേന്തി നദിയിൽനിന്നു കയറുന്നതു കാണികൾ വിസ്മയപരതന്ത്രരായി വീക്ഷിച്ചു. താരാപീഠത്തിലെ ശ്മശാനത്തിൽ താരാദേവിയുടെ മുമ്പിൽ ചിതകൂട്ടി മാതാവിന്റെ ശവശരീരം അതിന്മേൽ വെച്ചു തീ കൊടുത്തു. തീ കത്തിത്തുടങ്ങിയപ്പോൾ വാമാചരണൻ ദേവിയുടെ മുമ്പിൽനിന്നു നൃത്തംചെയ്യുവാൻ തുടങ്ങി.

ശ്രാദ്ധത്തിന്നു മൂന്നു ദിവസം മുമ്പു വാമാചരണൻ തന്റെ ഗൃഹത്തിൽ ചെന്നു തന്റെ സോദരനോടു "സമീപത്തുള്ള സകലഗ്രാമങ്ങളിലേയും ബ്രാഹ്മണരെ—ഒരൊററ ആളെപ്പോലും വിടാതെ—ക്ഷണിക്കുവാൻ പറഞ്ഞു. ഭ്രാന്തന്റെ വാക്കുകൾ കേട്ട് എല്ലാവരും ചിരിക്കുവാൻ തുടങ്ങി. ഗൃഹത്തിൽ ഭക്ഷണസാധനങ്ങളില്ലാതെ സകലരേയും ക്ഷണിച്ചുവരുത്തി എന്തുചെയ്യും? അ

ജ്ജൻ ക്ഷണിക്കുവാൻ പോകുന്നതിൽ വൈമനസ്യം കാണിച്ചപ്പോൾ വാമാചരണൻ തനിയെ പോയി എല്ലാവരേയും ക്ഷണിച്ചു. ശ്രാദ്ധദിവസം സദ്യയ്ക്കു വേണ്ട സകലവിഭവങ്ങളും എവിടെനിന്നെന്നറിയാതെ ചുമടുചുമടായി എത്തി. ഭക്ഷണത്തിന്നിരിക്കേണ്ട സമയമായി. പെട്ടെന്ന് ആകാശം മുഴുവൻ മേഘപടലങ്ങളെക്കൊണ്ടു കറുത്തിരുണ്ടു. ഇന്ദ്രഭഗവാൻ ഭൂമി മുഴുവൻ പ്രളയം കൊണ്ടു നശിപ്പിക്കുവാനുള്ള ഭാവമാണോ എന്നുംകൂടി ജനങ്ങൾക്കു സംശയംതോന്നത്തക്കവണ്ണം അത്ര കനത്തിരുണ്ട മേഘങ്ങൾ ആകാശം മുഴുവൻ മൂടി. മഴ തുടങ്ങിയാൽ പിന്നെ അവിടെ കൂടിയിരുന്ന അതിഥികൾക്കെല്ലാം എങ്ങിനെ ഭക്ഷണംകൊടുക്കും എന്ന് എല്ലാവരും പരിഭ്രമിച്ചുവശായി. വാമാചരണനാകട്ടെ ആകാശത്തേക്കു നോക്കി, ഏററവും ദീനസ്വരത്തിൽ താരാമാതാവിനെ പ്രാർത്ഥിക്കുവാൻ തുടങ്ങി. "അമ്മേ! ഇത്രയധികം ബ്രാഹ്മണരെ ക്ഷണിച്ചുവരുത്തി പട്ടിണിയിട്ടു മടക്കിഅയയ്ക്കേണമെന്നോ ഇവിടുത്തെ മതം? അല്ല, കതിക്കലുമല്ല. ഇവിടുന്ന് അടിയൻെറ വാത്സല്യപരിപൂർണ്ണയായ ജനനിയാണ്. പ്രിയപുത്രനെ ഇച്ഛാഭംഗപ്പെടുത്തുകയെന്നത് ഇവിടുയ്ക്കു സാധിക്കുമോ? ഒരിക്കലുമില്ല." അഹോ! വിസ്മയം! പെട്ടെന്ന് എവിടെനിന്നോ ശക്തിയേറിയ ഒരു കാററുവന്നു മേഘങ്ങളെ മുഴുവൻ അടിച്ചുകൊണ്ടുപോയി. ആകാശം തെളിഞ്ഞു! ദയാമയിയായ മാതാവു സ്വഭക്തൻെറ പ്രാർത്ഥന ശ്രവിക്കതന്നെ ചെയ്തു! സകലബ്രാഹ്മണരും മിററത്തുതന്നെയിരുന്നു ഭക്ഷണം കഴിച്ചു സന്തോഷഭരിതരായി. ഇങ്ങിനെ ശ്രാദ്ധകർമ്മം നിർവ്വിഘ്നംനടന്നു.

ശ്രാദ്ധകർമ്മാനുഷ്ഠാനത്തിന്നു ശേഷം വാമാചര

ണൻ വീണ്ടും താരാപീഠത്തിലേക്കു മടങ്ങിപ്പോയി ശക്തിസാധനയിൽ നിമഗ്നനായി. വാമാചരണന്നു വിദ്യാഭ്യാസം ലേശംപോലും സിദ്ധിച്ചിട്ടില്ലായിരുന്നുവെങ്കിലും മാതൃകൃപകൊണ്ട് അദ്ദേഹം സൎവ്വശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിന്നു മനുഷ്യരുടെ മനസ്സിലുള്ള കാൎയ്യങ്ങൾ, ദൂരദേശങ്ങളിൽ നടക്കുന്ന സംഗതികൾ—ഭൂതം, വൎത്തമാനം, ഭവിഷ്യത്ത് ഈ മൂന്നു കാലങ്ങളിലേയും കാൎയ്യങ്ങൾ ഇവയെല്ലാം—അനായാസേന അറിവാൻ സാധിച്ചിരുന്നു. ദേവികൃപയാൽ അദ്ദേഹത്തിന്നു സിദ്ധമായിരുന്ന ദിവ്യശക്തിഫലമായി അദ്ദേഹം ചെയ്തിരുന്ന അത്ഭുതകൃത്യങ്ങൾ കാണുവാൻ ജനങ്ങൾ കൂട്ടംകൂട്ടമായി അദ്ദേഹത്തിന്റെ സന്നിധിയിൽ ചെന്നുതുടങ്ങി. ഈ ദിവ്യശക്തികൊണ്ട് ആ മഹാത്മാവു മാലോകൎക്കു വളരെ ഗുണങ്ങൾ ചെയ്തിരുന്നു.

ഒരിക്കൽ ഒരാളോട് ഒരു സന്ന്യാസി ഏഴാം ദിവസം അയാളെ പാമ്പു കടിച്ച് ആയാൾ മരിക്കുമെന്നു പറഞ്ഞു. ഈ വിപത്തിൽനിന്നു രക്ഷ നൽകുവാൻ വാമാക്ഷേപന്നുമാത്രമെ സാധിക്കയുള്ളുവെന്നും സന്ന്യാസി പറഞ്ഞു. ആ മനുഷ്യൻ ഓടിപ്പോയി താരാപുരത്തു ചെന്നു വാമാചരണസിദ്ധന്റെ കാല്ക്കൽ വീണു. അന്ന് ആയാൾക്കു മരണം വിധിച്ചിരുന്ന ഏഴാം ദിവസമായിരുന്നു. വാമാക്ഷേപൻ ആ മനുഷ്യന്റെ ചുററും ഒരു വര വരച്ച് "ഇവിടെതന്നെ ദേവീനാമം ജപിച്ചുകൊണ്ടു കിടന്നുകൊള്ളു"വെന്നു പറഞ്ഞു. ആ മനുഷ്യൻ അപ്രകാരംതന്നെ ചെയ്തു. അൎദ്ധരാത്രി നിശ്ചിതസമയത്തു പാമ്പു വന്ന് ആയാളെ കടിക്കുകയും ആയാൾ മരിക്കുകയും ചെയ്തു. വാമാക്ഷേപൻ താരാജനനിയുടെ ചരണകമലങ്ങളിൽ വീണു പ്രാൎത്ഥിച്ച് ആ മനുഷ്യനെ പുനൎജ്ജീവിപ്പിച്ചു.

ഒരിക്കൽ ഒരു ക്ഷയരോഗി അദ്ദേഹത്തെ ശരണം പ്രാപിച്ചു ആയാൾ മരുന്നു സേവിച്ചു സേവിച്ചു തോറ്റു. ആയാൾക്കു ചികിത്സകൊണ്ടു ഗുണമുണ്ടായില്ലെന്നു തന്നെയല്ല ജീവനിൽ ആശ തീരെ വെടിയത്തക്കവണ്ണം രോഗം അത്ര മൂർദ്ധന്യദശയിലെത്തുകയും ചെയ്തിരുന്നു. നിരാശനായി ആയാൾ വാമാക്ഷേപൻെറ കാല്ക്കൽ വീഴുകയാണുണ്ടായത്. വാമാക്ഷേപൻ ആയാളെ പിടിച്ചെഴുനേല്പിച്ച് ആയാളുടെ പുറത്തു മൂന്നു പ്രാവശ്യം തട്ടിക്കൊണ്ടു, "പ്രിയപുത്ര! പോയ്ക്കൊള്ളു. നീ ദൂരെ പോ" എന്നും പറഞ്ഞു. അന്നുമുതൽ ആ അസാദ്ധ്യരോഗത്തിന്നു ക്രമേണ ശമനം കണ്ടുതുടങ്ങി. അധികം താമസിയാതെ രോഗം ദൂരെപ്പോകുകതന്നെ ചെയ്തു.

ഇതേവിധംതന്നെ അദ്ദേഹം ഒരു കുഷ്ഠരോഗിയുടെ രോഗം ശ്മശാനത്തിലെ ഒരുപിടി ഭസ്മം തലോടി മാററി.

ഇത്രയെല്ലാം ചെയ്തിട്ടും അദ്ദേഹം ഒരൊററാളിൽനിന്നും ഒരു പൈപോലും സ്വീകരിച്ചിരുന്നില്ല. ഇപ്രകാരം വാമാക്ഷേപമഹാത്മാവ് എഴുപത്തേഴു വയസ്സുവരെ ലോകോപകാരപരമായ പ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം ഒരു ഉത്തമയോഗിയും സിദ്ധപുരുഷനുമായിരുന്നു. തൽഫലമായി അദ്ദേഹത്തിന്നു തൻെറ ദേഹാവസാനകാലം എപ്പോളാണെന്നു കൃത്യമായി മുൻകൂട്ടിതന്നെ അറിയാമായിരുന്നു മരണദിവസം അദ്ദേഹം തൻെറ ക്ഷേത്രത്തിലുള്ള ചിലരെ വിളിച്ചു "നിങ്ങൾ എന്നെ ശ്മശാനഘട്ടത്തിലേക്ക് എടുത്തുകൊണ്ടുപോകയാണോ?" എന്നു ചോദിച്ചു. ആ സമയത്ത് ആൎക്കും ആ വാക്കുകളുടെ സാരം മനസ്സിലായില്ല. അദ്ദേഹം ഒരു ഭ്രാന്തനാണല്ലോ എന്നു കരുതി അവർ അദ്ദേഹത്തിൻെറ വാക്കുകളെ തീരെ ഗൌനിക്കേണ്ട ആവശ്യമില്ലെന്നും വി

ചാരിച്ചു. പക്ഷെ വാമാക്ഷേപൻ ഇപ്രകാരം പറഞ്ഞതിന്നു ശേഷം ഒരു പീഠത്തിന്മേൽ ഇരുന്നു മാതൃചരണങ്ങളെ ധ്യാനിച്ചുകൊണ്ടു സമാധിസ്ഥനായി. പിറെറ ദിവസം ആളുകൾ വന്നു നോക്കിയപ്പോൾ കണ്ടതു, വാമാചരണൻ യോഗാസനനായി ശരീരത്തിൽ ജീവച്ഛക്തി ലേശംപോലുമില്ലാതെ സ്ഥിതിചെയ്യുന്നതാണ്. ഇപ്രകാരം ബങ്കാളത്തിലെ ഒരു മഹായോഗി ൧൮൧൮ ഓഗസ്റ്റ് മാസത്തിൽ യോഗമാർഗ്ഗംകൊണ്ടു ദിവ്യത്വത്തെ പ്രാപിച്ചു. ജനങ്ങൾ അദ്ദേഹത്തെ യോഗാസനനായിത്തന്നെ എടുത്തു ശ്മശാനത്തിലേക്കു കൊണ്ടുപോയി സംസ്കരിച്ചു. അദ്ദേഹം സമാധിയടഞ്ഞ സ്ഥാനത്ത് ഒരു ക്ഷേത്രം നിർമ്മിക്കയും ചെയ്തു.

ടി. സി. കൊച്ചുകുട്ടിയമ്മ ബി. എ., എൽ. ടി.

# നിത്യബ്രഹ്മം

നീലവർണ്ണമാം വാനദേശവും വസന്തമാം
കാലത്തിൽ വിരിയുന്ന നല്ലോരു സുമങ്ങളും
നൈർമ്മല്യം വിളങ്ങുന്ന പൈതലിൻ മുഖാബ്ജവും
നമ്മളുററു നോക്കുവാൻ ഹേതുവെന്തഹോ! പാർക്കിൽ?

പൈങ്കിളിവൃന്ദത്തിൻെറ ഗാനവും മരുൽകൃത-
വേണുഗാനവും വീണാവാദനവിശേഷവും,
തുള്ളിച്ചാടിയോടുന്നോരരുവിൻ നിനാദവും
ഉള്ളിലാനന്ദമേകാനുള്ളോരു ഹേതുവെന്തേ?

ലോകത്തിലെവിടെയുമേതുകാലത്തുമാരും
ചേർത്താരനീതി കേട്ടു മാനസം ജ്വലിപ്പതും
കഷ്ടതയേലുന്നോരെത്താങ്ങുവാനുടൻതന്നെ
കച്ചകെട്ടീടുന്നതുമെന്തു കാരണത്താലോ?

എന്തെന്നാൽ വാനശോഭയിങ്കലും സൂനങ്ങളിൽ
ചിന്തുന്ന ഗന്ധത്തിലും വൎദ്ധിതൻ ജലത്തിലും
കാവ്യാത്മാവിലുമസ്സൽ ഹൃൽപുണ്ഡരീകത്തിലും
മേവുന്ന ശക്തിയൊന്നുതാനല്ലോ നിത്യബ്രഹ്മം.

പരവൂർ. കെ. എൻ. ഗോപാലപിള്ള ബി. എ.

................................

## ദീൎഘജീവിതം

മനുഷ്യർ ശതവൎഷപൂൎത്തിക്കു മുമ്പു മരണം പ്രാപിക്കുകയെന്നുള്ളതു പ്രകൃതിനിയമമല്ലെന്നും പ്രത്യുത നിയമലംഘനമാണെന്നും അനേകം ശാസ്ത്രജ്ഞന്മാർ സമൎത്ഥിച്ചിട്ടുണ്ട്. നിയമമനുസരിച്ചുനോക്കുമ്പോൾ മനുഷ്യർ മിക്കവരും നൂറോ അതിലധികമോ സംവത്സരക്കാലം ജീവിക്കണമത്രേ. എന്നാൽ ഈ നിയമം പ്രായോഗികമായിട്ടില്ലെന്ന് ഓരോ ദേശത്തേയും അവസ്ഥകൾ നോക്കിയാൽ പ്രത്യക്ഷമാണല്ലൊ. ഇങ്ങിനെയാണെങ്കിലും മനുഷ്യരുടെ ശരാശരിവയസ്സു ക്രമേണ ഉയൎത്തിക്കൊണ്ടുവരുവാൻ ഓരോ രാജ്യങ്ങളിലും ചെയ്തുവരുന്ന പരിശ്രമങ്ങൾ ഏറെക്കുറെ ഫലോന്മുഖങ്ങളായിട്ടാണ് പ്രത്യക്ഷപ്പെടുന്നതെന്നുള്ളത് അത്യന്തം ആശ്വാസപ്രദമാണ്. വൈദ്യവിദഗ്ദ്ധന്മാരുടേയും പൊതുജനാരോഗ്യപരിപാലകന്മാരുടേയും തീവ്രയത്നങ്ങൾ മനുഷ്യരുടെ അകാലമരണത്തെ കുറയ്ക്കുവാനും ആയുൎദ്ദൈൎഘ്യത്തെ വൎദ്ധിപ്പിക്കുവാനും പൎയ്യാപ്തമായിത്തീൎന്നിട്ടുണ്ട്. ഈ വസ്തുത തെളിയിക്കുവാൻ പല രാജ്യങ്ങളിലേയും മരണസ്ഥിതിവിവരക്കണക്കുകൾ മതിയായ ലക്ഷ്യമായിരിക്കും. ൧൮൮൦-ൽ അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽ ജനങ്ങളുടെ ജീവിതദൈൎഘ്യം നാല്പതുവൎഷത്തിൽ കുറവായിരുന്നു. എന്നാൽ ഇക്കാലത്തു ജനങ്ങളുടെ ശരാശരിവ

യസ്സ് ൫൮ വരെയായിട്ടുണ്ട്. ഈ അഭിവൃദ്ധിക്കനുസരിച്ച് ഇനി ഒരു ൨൦൦ സംവത്സരങ്ങൾകൊണ്ടു മനുഷ്യരുടെ ശരാശരിവയസ്സു പരമായുസ്സായി ഗണിക്കപ്പെട്ടിട്ടുള്ള ൧൨൦ ആകുമെന്നു പറയുന്നതു കേവലം പ്രശ്നകരന്റെ അഭിപ്രായമല്ല. ദീർഘജീവിതത്തിനു പ്രത്യേക പ്രസിദ്ധി ഇപ്പോൾ പ്രാപിച്ചിട്ടുള്ള സ്വീഡൻരാജ്യത്തിൽപോലും ൧൮൪൦-ൽ ശരാശരി വയസ്സു ൪൧ മാത്രമേ ആയിരുന്നുള്ളൂ.

മനുഷ്യരുടെ ആയുസ്സ് ൧൨൦ എന്നു ക്ലിപ്തപ്പെടുത്തുന്നതിന് ആയുർദ്ദായവിദഗ്ദ്ധന്മാർ മററു ജന്തുക്കളുടെ ആയുഷ്കാലങ്ങളുമായി താരതമ്യപ്പെടുത്താറുണ്ട്. ജന്തുക്കളിൽ ഓരോന്നും പ്രായപൂർത്തിയിൽ എത്തുവാനുള്ള കാലം കണക്കാക്കിനോക്കിയാൽ അതിന്റെ ആറിരട്ടിയാണ് അവയുടെ വയസ്സെന്നു സ്പഷ്ടദൃഷ്ടമായ ഒരു അനുപാതം കിട്ടും. പട്ടിക്കുട്ടികളുടെ വളർച്ച തികയുന്നതു രണ്ടുകൊല്ലംകൊണ്ടാണ്. അവ പന്ത്രണ്ടുവത്സരം ജീവിച്ചിരിക്കുകയും ചെയ്യും. കന്നുകാലികളുടെ പ്രായപൂർത്തിക്കാലം നാലരവർഷമെന്നും പരമായുസ്സ ൨൦ കൊല്ലമെന്നും ക്ലിപ്തപ്പെടുത്തുന്നു. ആനയുടെ വളർച്ച ൨൦ വർഷത്തേക്കാകയാൽ അത് ൧൨൦ സംവത്സരം ജീവിച്ചിരിക്കുമെന്നു സർ ഏ. ലെയിൻ എന്ന ഒരു വിദഗ്ദ്ധൻ ഈയിട പ്രസ്താവിച്ചിട്ടുള്ളതാണ്. ഇതൊക്കെ നോക്കുമ്പോൾ പ്രായപൂർത്തിക്ക് ൨൦ വയസ്സു വേണ്ടിവരുന്ന മനുഷ്യർക്ക് പ്രകൃതിസിദ്ധമായ ക്ലിപ്തവയസ്സ് ൧൨൦ എന്നു കണക്കാക്കുന്നതിൽ അബദ്ധമില്ലെന്നുതന്നെ വിചാരിക്കാം.

മനുഷ്യർക്ക് പരമായുസ്സിൽ എത്തുവാൻ സാധിക്കാതെപോകുന്നതു രോഗങ്ങൾകൊണ്ടാണെന്നുള്ളതു സിദ്ധമാണല്ലോ. മസൂരി, വിഷൂചിക, പ്ലേഗ് മുതലായ സാംക്രമികരോഗങ്ങളാണ് ജീവിതദൈർഘ്യത്തിന്റെ പ്രധാ

നശത്രുക്കൾ. ക്ഷയം, പനി, കവിൾവാപ്പ് മുതലായ പ്രത്യേകരോഗങ്ങളും മനുഷ്യസമുദായത്തെ ഒന്നാകെ നോക്കുമ്പോൾ ഭയങ്കരങ്ങളായ മരണകാരണങ്ങളായി പ്രത്യക്ഷപ്പെടുന്നു. സാംക്രമികരോഗങ്ങളുടെ പ്രചാരവും നിവാരണവും ത്വരിതഗതിയിലാകയാൽ അവയേക്കാൾ ഉഗ്രതരങ്ങളായ ജീവിതലോപകാരണങ്ങൾ രണ്ടാമതു പറഞ്ഞകൂട്ടത്തിൽപ്പെട്ട രോഗങ്ങളാണെന്നാണ് വിദഗ്ദ്ധാഭിപ്രായം. നേരിട്ടു യുദ്ധത്തിനുവരുന്ന ശത്രുക്കളേക്കാൾ മറഞ്ഞിരുന്ന് ഒളിയമ്പു പ്രയോഗിക്കുന്ന ഗൂഢശത്രുക്കളാണല്ലോ അധികം ഭയപ്പെടേണ്ടവർ.

ആധുനികരോഗങ്ങളിൽ പലതിന്റെയും നിദാനങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ നാഗരികത്വമാണ് ഇതിനെല്ലാം ഉത്തരവാദിയെന്നു പലരും പറയാറുള്ളതാണ്. അത് അസത്യമല്ലതാനും. എന്നുവിചാരിച്ചു നാഗരികത്വം നമുക്കുപേക്ഷിക്കുവാൻ തരമുണ്ടോ? വിമാനവും കമ്പിത്തപാലും വിദ്യുച്ഛക്തിയും തീവണ്ടിയും മറ്റും കൈവെടിഞ്ഞാൽ പിന്നെ മനുഷ്യന്റെ പരമായുർല്ലാഭംകൊണ്ടുതന്നെ വലിയ പ്രയോജനമൊന്നുമില്ല. അതിനാൽ നാഗരികത്വത്തെ സ്വീകരിച്ചുകൊണ്ട് അതിൽ അന്തർല്ലീനങ്ങളായ ദോഷാംശങ്ങളെ നിവാരണം ചെയ്യുവാൻ പരിശ്രമിക്കുകയല്ലാതെ ഗത്യന്തരമില്ല ശരീരത്തിന്റെയും മനസ്സിന്റെയും ത്വരിതമായ ക്ഷീണപ്രാപ്തിക്കു ഹേതുഭൂതങ്ങളായ മദ്യപാനം, വിനോദപ്രദർശനം, അമിതഭക്ഷണം, ജാഗരണം മുതലായവ പാടേ വർജ്ജിക്കുവാൻ തരമില്ലാത്തപക്ഷം കഴിയുന്നതും കുറച്ചുകൊണ്ടുവരണം.

ശരീരത്തിനുള്ളിൽ അവരവർതന്നെ അറിവുകൂടാതെ കുത്തിച്ചെലുത്തുന്ന ഒരുവക വിഷപദാർത്ഥങ്ങളുണ്ട്. ഇവയെ സ്വന്തകൈവിഷങ്ങൾ എന്നു പറയാവുന്നതാണ്. മനുഷ്യദേഹത്തിന്റെ അന്തർഭാഗശുചീകരണത്തെ

മലിനപ്പെടുത്തുന്ന പല വസ്തുക്കളുടേയും പ്രവേശത്തെ ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താം. പ്രകൃതിവിരുദ്ധങ്ങളായ ഭക്ഷണപദാൎത്ഥങ്ങളാണ് ഇവയിൽ ഒരു വലിയ അംശം. നമ്മൾ നാഗരികത്വം അനുസരിച്ച് ഉൾക്കൊള്ളുന്ന പദാൎത്ഥങ്ങളിൽ പലതും ദോഷപ്രദങ്ങളാകയാൽ, മനുഷ്യർ മരിക്കുകയല്ല ചെയ്യുന്നതു സ്വയമേവ വിഷപാനം ചെയ്യുകയാണ് എന്നത്രേ അഭിജ്ഞാഭിപ്രായം.

ഇൻഡ്യയിലെ മനുഷ്യരുടെ ശരാശരിവയസ്സ് ഇപ്പോൾ ക്രമേണ കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൊണ്ടു കാണുന്നതെങ്കിലും ദോഷദൂരീകരണത്തിന് ആവശ്യമുള്ള പരിതസ്ഥിതികൾ ഉണ്ടായിട്ടുള്ള രാജ്യങ്ങളിൽ അതു ക്രമേണ ഉയൎച്ച പ്രാപിച്ചുകൊണ്ടിരിക്കുന്നതിനാൽ ഒരു ഘട്ടത്തിൽ ഭാരതഭൂമിയും ആ നിലയിലെത്തുമെന്നും അപ്പോൾ ചിരഞ്ജീവിത്വം പ്രായോഗികമായി ഭവിക്കുമെന്നും നമുക്കു വിചാരിക്കാം.

വിദ്വാൻ ആർ. വാസുദേവൻകൎത്താ.

## മാതൃകാമാതാവ്

### അദ്ധ്യായം ൯

അടുത്തദിവസം നടന്ന സാധാരണയോഗത്തിൽ ലക്ഷ്മിയമ്മതന്നെയാണ് പ്രസംഗിച്ചത്. ആരോഗ്യവിഷയത്തിൽ ഏററവും ശ്രദ്ധേയമായ ഒരു സംഗതി ശുചിത്വമാണ്. ശുചിത്വമില്ലാത്തവൎക്ക് ഒരിക്കലും ആരോഗ്യമുണ്ടാകുന്നതല്ല. ആരോഗ്യരക്ഷാമാൎഗ്ഗങ്ങളിൽ ശുദ്ധവായു ശ്വസിക്കുക, ശുദ്ധജലം ഉപയോഗിക്കുക എന്നുതുടങ്ങി പല നിബന്ധനകളുണ്ട്. ഇവയിൽനിന്നുതന്നെ ശുചിത്വത്തിന്റെ പ്രാധാന്യം ഏറെക്കുറെ നാം മനസ്സിലാക്കുന്നുണ്ടല്ലോ. നമ്മുടെ മനോഭൂമിയിലുണ്ടാകുന്ന ദുർവിചാരതരുക്കളെ അപ്പോളപ്പോൾ ഛേദിച്ച്, അന്തഃകരണത്തെ ശുദ്ധിയാക്കിവെക്കുന്നതു മാന

സികശുചീകരണവും, സ്നാനാദികളാൽ ശരീരത്തിലുള്ള
അഴുക്കുകൾ നീക്കംചെയ്യുന്നതു ശാരീരികമായ ശുചീക
രണവുമാകുന്നു. എന്നാൽ ഇതുകൊണ്ടുമാത്രം ശുചീക
രണം പൂർത്തിയാകുന്നില്ല. നമ്മുടെ പരിസരങ്ങളും നാം
ഉപയോഗിക്കുന്ന സാധനങ്ങളും ശുചിയാക്കിവെച്ചാൽ
മാത്രമേ നമ്മുടെ ശുചിത്വം പൂർണ്ണമാകയുള്ളു.

നമ്മുടെ പരിസരങ്ങളുടെ ശുചീകരണത്തെപ്പററി
ചില സംഗതികൾ മനസ്സിലാക്കിക്കഴിഞ്ഞുവല്ലോ. എ
ന്നാൽ നാം വസിക്കുന്ന ഗൃഹങ്ങളുടെ അന്തർഭാഗങ്ങൾ
അഴുക്കും പൊടിയും അടഞ്ഞു വൃത്തികേടാകാതെ പ്രത്യേ
കം സൂക്ഷിക്കേണ്ടതാണ്. നാം ഉപയോഗിക്കുന്ന വ
സ്ത്രങ്ങൾ മുതലായവയും വൃത്തിയായി സൂക്ഷിക്കണം. ഇ
ങ്ങിനെ ബാഹ്യമായും ആന്തരമായും യാതൊരുവിധത്തി
ലുള്ള മാലിന്യവും കലരാതിരിക്കുന്നതിനത്രേ ശുചിത്വം
എന്നു പറയുന്നത്. അസ്ഥാനത്തു സ്ഥിതിചെയ്യുന്ന
സാധനത്തെ അഴുക്കെന്നു പറയുന്നു എന്ന് ഇംഗ്ലീഷിൽ
ഒരു പഴഞ്ചൊല്ലുണ്ട്. വെള്ളംകൊണ്ടു കഴുകാവുന്നവ
കഴുകിയും തുടച്ചും അല്ലാത്തുള്ളവ സൂര്യപ്രകാശം തട്ടി
ച്ചും നമുക്കു ശുദ്ധിയാക്കാവുന്നതാണ്. ബാഹ്യമായും
ആന്തരമായുമുണ്ടാകുന്ന അഴുക്കുകളെപ്പററി ഒന്നു ചിന്തി
ക്കാം. ഒന്നാമതായി മണ്ണ്, ചെളി, കരി മുതലായവ
ദേഹത്തിലോ വസ്ത്രങ്ങളിലോ മററുസാമാനങ്ങളിലോ പു
രണ്ടാൽ നാം അവയെ അഴുക്കായിക്കരുതുന്നു. കാഴ്ച
യ്ക്കു് അഭംഗിയുള്ളതാണെങ്കിലും ഇവ സാധാരണമായി
രോഗബീജങ്ങളെ വർദ്ധിപ്പിക്കുന്നില്ല.

രണ്ടാമതായി പലമാതിരി യന്ത്രങ്ങൾ വേലചെ
യ്യുമ്പോളുണ്ടാകുന്ന പൊടി, പുക മുതലായവയും അഴുക്കു
കൾ വർദ്ധിപ്പിക്കുന്നു.

ഇവകൂടാതെ സസ്യങ്ങൾ, മത്സ്യമാംസങ്ങൾ മുത
ലായവയിൽനിന്നും ഉത്ഭവിക്കുന്ന അഴുക്കുകളുണ്ട്. അവ
രോഗബീജങ്ങൾ വർദ്ധിപ്പിക്കുന്നതിനു സാഹായ്യകങ്ങളാം

കയാൽ അവയെ ഉടനടി നീക്കംചെയ്യേണ്ടതാണ്. ശരീരത്തിൽനിന്നുതന്നെ പലമാതിരി അഴുക്കുകളുണ്ടാകുന്നു. നമ്മുടെ ദേഹത്തിൽ സദാ നടന്നുവരുന്ന ശുചീകരണപ്രവൃത്തിയിൽ ഒരു പ്രധാനഭാഗം ശ്വാസകോശങ്ങളും മൂത്രാവയവങ്ങളും നടത്തുന്നതുപോലെ ത്വക്കും നടത്തിവരുന്നുണ്ട്. ത്വക്കിന്റെ എല്ലാഭാഗങ്ങളിലും ഞരമ്പുകളും രക്തവാഹിനികളുമുണ്ട്. ഇവമൂലമാണല്ലോ നാം സ്പർശനവും വേദനയും അറിയുന്നത്. ത്വക്കു രണ്ട് അടുക്കുകളോടുകൂടിയതാണ്. ഇത് അതിസൂക്ഷ്മങ്ങളായ കൂപങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ഒരു ചതുരശ്രാംഗുലം സ്ഥലത്തു ൨൮൦൦ ദ്വാരങ്ങൾവീതമുണ്ടെന്നും, ഒരു ദ്വാരം കാൽ അംഗുലം നീളമുള്ളതാണെന്നും പരിശോധനയിൽ പ്രത്യക്ഷമായിട്ടുണ്ട്. ഇതിൽനിന്നുതന്നെ ഈ കുഴലുകൾ ശരീരത്തിൽ എത്ര അസംഖ്യമാണെന്നു മനസ്സിലാകുന്നുണ്ട്. ഇവകൂടാതെ നമ്മുടെ ശരീരത്തിലുള്ള ഓരോ രോമങ്ങളോടും ഓരോ കുഴലുകൾ ഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. മുൻപറഞ്ഞ കുഴലുകൾ രക്തത്തിലുള്ള മാലിന്യങ്ങളെ വലിച്ചെടുത്തു പുറത്തേക്കു കളയുകയും, രണ്ടാമത്തേവ ത്വക്കിനെ മിനുസപ്പെടുത്തി അയവുകൊടുക്കുന്നതിനുള്ള കൊഴുപ്പു സംഭരിച്ചുവെച്ചു പുറത്തേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. രക്തത്തിൽനിന്നു വലിച്ചെടുക്കുന്ന ഈ മാലിന്യമാണ് വിയർപ്പായി പുറത്തേക്കു വരുന്നത്. ഈ പ്രവൃത്തിയെപ്പററി നാം യാതൊന്നും ചിന്തിക്കുന്നില്ലെങ്കിലും അതു സദാ നടന്നുകൊണ്ടിരിക്കുന്നു. മാംസരക്താദികളിൽനിന്നു വെളിയിൽ വരുന്ന ഈ സാധനം ത്വക്കിൽനിന്ന് അപ്പോഴപ്പോൾ മാററംചെയ്യാതിരുന്നാൽ അവ ത്വക്കിലുള്ള മററു കൊഴുപ്പുസാധനങ്ങളോടു പററിപ്പിടിച്ചു സുഷിരങ്ങളെ അടച്ച് അവയുടെ പ്രവൃത്തിയെ തടയുന്നു. തന്നിമിത്തം രക്തദൂഷ്യമുണ്ടാകുന്നു. ശ്വാസകോശം, മൂത്രാശയം മുതലായവയ്ക്കു ശുദ്ധീകരണത്തിനു കൂടുതൽവേല ചെയ്യേണ്ടിവരുന്നു. പ്രവൃത്തിയുടെ കൂടുതൽകൊണ്ട്

അവസ്ഥ് എളുപ്പം ക്ഷീണംതട്ടി കേടുസംഭവിക്കുന്നതും സാധാരണമാണ്. ത്വക്കിലുള്ള സുഷിരങ്ങൾ അടഞ്ഞിരുന്നതിനാൽ നിരപരാധിയായ ഒരു ചെറിയ കുട്ടി അകാലമൃത്യുവടഞ്ഞ കഥ കേട്ടുകൊള്ളുക.

പരവൂർ എൻ. പൊന്നമ്മ.

---

## പുസ്തകാഭിപ്രായം

### സർ. പി. രാജഗോപാലാചാര്യർ

കൊച്ചിതിരുവിതാംകൂർരാജ്യങ്ങളിലെ ദിവാൻപദം വഹിച്ച് ആ രാജ്യങ്ങൾക്കു ശ്രേയസ്സു വർദ്ധിപ്പിച്ച ചരിത്രനായകന്റെ ഗുണഗണങ്ങൾ തദ്ദേശീയർ ഇന്നും കൃതജ്ഞതാപൂർവ്വം സംസ്മരിച്ചുപോരുന്നു. കൊച്ചിരാജ്യത്തിന്നു വിദേശങ്ങളിൽ പേരുംപെരുമയും സിദ്ധിപ്പാൻ കാരണം ഈ മന്ത്രിപുംഗവന്റെ ഭരണപാടവമായിരുന്നു എന്ന് അഭിജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളൊരു സംഗതിയാണ്. ദുഷ്ടന്മാരെ അമർത്തി സാധുക്കളെ നികത്തി രാജ്യക്ഷേമം വളർത്തി ഭാവിഗുണങ്ങൾ കണ്ട് അതിന്നുള്ള പ്രാരംഭച്ചട്ടങ്ങൾ കൂടെപ്പെടുത്തി രാജ്യൈശ്വര്യമാർഗ്ഗങ്ങൾ വെട്ടിത്തെളിയിച്ച കഥാപുരുഷന്റെ പ്രതിഭാവിലാസവും ഭരണതന്ത്രസാമർത്ഥ്യവും മറ്റും മലയാളികൾക്കറിവാനിടയാക്കിത്തീർക്കുന്നതാണ് പ്രകൃതഗ്രന്ഥം. തന്റെ വരന്റെ വരഗുണങ്ങളെ വർണ്ണനം നീങ്ങാതെ ലളിതഭാഷയിൽ ഭംഗിയോടെ വായനക്കാരെ ആശ്ചര്യഭരിതരാക്കിത്തീർക്കത്തക്കവണ്ണം വിരചിച്ച ഗ്രന്ഥകർത്രി ലേഡി. രാജഗോപാലാചാര്യരുടെ ഭാഷാസ്നേഹം പ്രശംസനീയംതന്നെ. ചരിത്രനായകനെ സംബന്ധിച്ചിടത്തോളം 'ആചാര്യ'ശബ്ദം അന്വർത്ഥമായിട്ടുള്ളതാകുന്നു. പുസ്തകം ആകപ്പാടെ കമനീയമായിരിക്കുന്നു. ആചാര്യരുടെ ഛായാപടവും വളരെ നന്നായിട്ടുണ്ട്.

പ്രസാധകൻ പി. സി. സി. പിള്ള, വഞ്ചിയൂർ എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ ഈ ചരിത്രഗ്രന്ഥം എട്ടണവിലയ്ക്കു കിട്ടുന്നതാണ്.

ജലന്ധരവിജയം

പുരാണാന്തൎഗ്ഗതമായൊരു കഥയാണിതെന്ന് ഈ 'ഗ്രന്ഥകൎത്താക്കൾ' പറയുന്നു. മലയാളത്തിലെ കവികൾ ഈ കഥയെടുത്തു കൈകാൎയ്യം ചെയ്തിട്ടുള്ളതായി അറിവില്ല. എട്ടു സൎഗ്ഗങ്ങൾകൊണ്ട് അവസാനിക്കുന്നൊരു ലഘുകാവ്യമാണിത്. ലഘുകാവ്യമെന്നാൽ മഹാകാവ്യത്തിന്റെ വാമനസ്വരൂപമാണെന്നു ധരിച്ചിട്ടുള്ളവർ കുട്ടിക്കവികളിൽ വളരെ കഷ്ടിയാണ്. സംസ്കൃതഭാഷാപക്ഷപാതിത്വംകൊണ്ടോ മലയാളഭാഷയിലുള്ള അപടുത്വംകൊണ്ടോ ഗ്രന്ഥകാരന്മാരുടെ ഭാഷാരീതി ആധുനികകവികൾക്ക് അത്ര രസിക്കുമെന്നു തോന്നുന്നില്ല. നല്ല ശ്ലോകങ്ങൾ ഇടയ്ക്കിടയ്ക്കുള്ളതിനാലും കവികൾ വൈദുഷ്യമുള്ളവരാകയാലും ഉത്സാഹിച്ചാൽ ഇവൎക്ക് ഉത്തമകവികളിൽ ഒരു സ്ഥാനം ലഭിപ്പാൻ പ്രയാസമുണ്ടാകുന്നതല്ല. ഇതിന്റെ പ്രണേതാക്കൾ വെമ്പ്ളിയസ്സ ലക്ഷ്മണൻ നമ്പൂരിപ്പാട് അവർകളും വിദ്വാൻ എളയിടത്തു നീലകണ്ഠൻനമ്പൂരി അവർകളുമാകുന്നു. കവിതാരീതി കാണിപ്പാൻ യഥാക്രമം ഓരോ ശ്ലോകം താഴെ ചേൎക്കുന്നു:—

"സരളസുഷമയുള്ളീക്കുന്നുതൻ വാനരുമ്മും
കിരണവിതതി വൈരിഞ്ചാസനാംഭോജമൂലേ
വിരവിനൊടു മൃണാളാവസ്ഥ കൈക്കൊണ്ട ശേഷോ-
ത്തരമഹിമ പുലൎത്തീടുന്നു വീതാന്തരായം."

"ദ്വിജാധീശവക്ത്രം, സുരാജീവനേത്രം,
ഭുജായുഗ്മമോ വല്ലരീതല്ലജാഭം;
വിജാതീയചേതോവികാരം പരം ചി-
ത്തജാരിക്കുമേകുന്ന വക്ഷോജഭാരം."

വില ആറണ. കാപ്പിററൽ പ്രസ്സ്, കോട്ടയം.